

# സർക്കുലർ

***Circular Letter No. 01/2017***
***Prot. No.19207/2017***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ മാതാപിതാക്കന്മാരേ, സഹോദരീ സഹോദരന്മാരേ, പ്രിയ കുട്ടികളേ

വർഷാവസാന പരീക്ഷ കഴിയാൻ പോകുന്ന ഈ സന്ദർഭത്തിൽ പത്തിലും പ്ലസ്ടുവിലും പഠിക്കുന്ന കുട്ടികൾ ഇനിയെന്ത് എന്ന ചോദ്യം ചോദിക്കുന്ന അവസരമാണല്ലോ ഇത്. കുറേപേരെങ്കിലും തങ്ങളുടെ ഭാവിയെപ്പറ്റി വ്യക്തവും ഉറച്ചതുമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ടാവും എന്നു ഞാൻ വിശ്വസിക്കുന്നു. അതേസമയം മറ്റു ചിലരാകട്ടെ ഇനിയും തീരുമാനങ്ങളിൽ എത്തിച്ചേരാനിരിക്കുന്നതേ ഉണ്ടാവുകയുള്ളൂ. എത്രയും വേഗം അവർക്കും ഭാവിയെക്കുറിച്ചുള്ള വ്യക്തമായ കാഴ്ച പ്പാടുകൾ ലഭിക്കാനും തീരുമാനങ്ങൾ എടുക്കാനും കഴിയട്ടെ എന്ന് ഞാനാശംസിക്കുന്നു.

ഭാവിപഠനത്തെക്കുറിച്ച് തീരുമാനങ്ങൾ എടുക്കുമ്പോൾ ശ്രദ്ധി ക്കേണ്ട കാര്യം ഓരോരുത്തരുടെയും അഭിരുചിക്കനുസരിച്ചുള്ള വിഷ യങ്ങൾ തെരഞ്ഞെടുക്കണം എന്നുള്ളതാണ്. കേവലം മാതാപിതാക്ക ളുടെയോ കൂട്ടുകാരുടെയോ സമ്മർദ്ദത്തിന് വഴങ്ങി കോഴ്സുകൾ തെര ഞ്ഞെടുത്താൽ ഭാവിയിൽ ദുഃഖിക്കേണ്ടതായി വരാം. അതിനാൽ ഓരോ രുത്തരും തങ്ങളുടെ കഴിവുകളും അഭിരുചികളും എന്താണെന്ന് തിരി ച്ചറിയാൻ ശ്രദ്ധിക്കുകയും ആ തരത്തിലുള്ള കോഴ്സുകൾക്ക് പ്രവേശനം നേടാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. എല്ലാവർക്കും എല്ലാ വിഷയങ്ങളും പഠിക്കാനുള്ള അഭിരുചി ഉണ്ടാകണമെന്നില്ല. ഇഷ്ട പ്പെടണമെന്നും ഇല്ല. കണക്കിന് പ്രയാസമായ ഒരു കുട്ടി എഞ്ചിനിയ റിംഗിന് പോയാൽ പഠനം ബുദ്ധിമുട്ടാവുകയേ ഉള്ളൂ. കുട്ടികളുടെ അഭി രുചി മനസ്സിലാക്കി കോഴ്സുകൾ തെരഞ്ഞെടുക്കാൻ തക്കവിധം പരിശീലനം കൊടുക്കുന്ന ഒരു സ്ഥാപനമാണ് താമരശ്ശേരി രൂപതയുടെ കീഴിലുള്ള സെന്റ് തോമസ് അക്കാദമി ഫോർ റിസേർച്ച് ആന്റ് ട്രെയി നിംഗ് അഥവാ START എന്ന സ്ഥാപനം. താൽപര്യമുള്ള കുട്ടികൾക്ക്

അവിടെ അന്വേഷിക്കാവുന്നതാണ്. കേവലം കോഴ്സുകൾ തെരഞ്ഞെടുക്കാനുള്ള പരിശീലനം എന്നതിലുപരി സമഗ്രമായ വളർച്ചയ്ക്കുള്ള ഒരു വർഷത്തെ പരിശീലനമാണ് അവിടെ കൊടുക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ രൂപതയിൽ നിന്ന് കുറേയധികം കുട്ടികൾ അവിടെ പഠിച്ച് ഉന്നതവിദ്യാഭ്യാസത്തിനായി പോയിട്ടുണ്ട്.

മിക്കവരും ഒരു ജോലിയിൽ അധിഷ്ഠിതമായ ഭാവിജീവിതം കരുപ്പിടിപ്പിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസത്തിലേയ്ക്ക് തിരിയുന്നവരായിരിക്കും. എന്നാൽ അതോടൊപ്പം സമർത്ഥരും, കഴിവുള്ളവരും യേശുവിന്റെപാത പിൻചെന്ന് സഭാസമൂഹത്തെ ശുശ്രൂഷിക്കുന്ന പൗരോഹിത്യത്തിലേയ്ക്കും സമർപ്പിത ജീവിതത്തിലേയ്ക്കും പോകാൻ അഭിരുചി ഉള്ളവരും ഇഷ്ടപ്പെടുന്നവരുമായ കുറേപ്പേരെങ്കിലും പരീക്ഷ കഴിഞ്ഞ് നിൽക്കുന്നവരിലുണ്ടാകും എന്ന് ഞാൻ കരുതുന്നു. പൗരോഹിത്യ ജീവിതത്തിലേയ്ക്കും സമർപ്പിത ജീവിതത്തിലേയ്ക്കും കടന്നുവരാൻ ആഗ്രഹിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട അടിസ്ഥാനയോഗ്യത നല്ല ക്രിസ്തീയ കുടുംബ പശ്ചാത്തലവും ആഴത്തിലുള്ള ക്രൈസ്തവ വിശ്വാസവും ഈ ജീവിതത്തോടുള്ള താൽപര്യവും പഠിക്കാനുള്ള കഴിവുമാണ്.

പഠനത്തിൽ മോശമായവർക്കും മറ്റെവിടെയും പ്രവേശനം കിട്ടാത്തവർക്കുമുള്ള വേദിയല്ല ഇതെന്നു കൂടി ഓർമ്മപ്പെടുത്തട്ടെ. വൈദികരും സമർപ്പിതരും സമൂഹത്തെ നയിക്കേണ്ടവരാണ്. നയിക്കുന്നവർ നയിക്കപ്പെടുന്നവരേക്കാൾ അറിവും കഴിവും പക്വതയും വിശുദ്ധിയും എല്ലാം ഉള്ളവരായിരിക്കണം എന്നത് ഒരു സാമാന്യ തത്വമാണല്ലോ.

മറ്റേതൊരു ജോലിയേയുംപോലെ ഒരു ജോലിയായി ഈ ജീവിതത്തിലേയ്ക്ക് പ്രവേശിക്കാൻ കഴിയില്ല. പൗരോഹിത്യത്തിലേയ്ക്കോ സമർപ്പിതജീവിതത്തിലേയ്ക്കോ പ്രവേശിക്കാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾ തന്നെ അവരെ പരിശോധിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്. ഇക്കാര്യത്തിൽ മാതാപിതാക്കളുടെ വിശ്വാസജീവിതവും മനോഭാവവും ഏറെ പ്രാധാന്യമർഹിക്കുന്നതാണ് എന്ന് പറയേണ്ടതില്ലല്ലോ. നല്ല ക്രൈസ്തവ പശ്ചാത്തലമുള്ള കുടുംബത്തിലെ മാതാപിതാക്കൾപോലും ഇക്കാര്യത്തിൽ വേണ്ടത്ര ഉത്സുകരല്ല എന്നതൊരു യാഥാർത്ഥ്യമാണ്. കാരണങ്ങൾ എന്തൊക്കെയായാലും സഭാഘടനയിൽ അധിഷ്ഠിതമായ കത്തോലിക്കാ ക്രൈസ്തവ ജീവിതത്തിന് പുരോഹിതരും സമർപ്പിതരും അത്യന്താപേക്ഷിതമാണ് എന്ന വസ്തുത നാം മറക്കരുതല്ലോ. കടന്നുപോകുന്ന വൈദിക-സമർപ്പിത തലമുറയുടെ എണ്ണത്തിനനുസരിച്ച് പുതിയവർ

കടന്നുവരേണ്ടതുണ്ട്. സഭാസമൂഹം മുഴുവൻ ഇക്കാര്യത്തിനുവേണ്ടി പ്രാർത്ഥിക്കണം.

വിശുദ്ധിയും കഴിവും ആഗ്രഹവുമുള്ള ആൺകുട്ടികൾക്ക് നമ്മുടെ രൂപത മൈനർ സെമിനാരിയിലും മറ്റ് രൂപതകളുടെയും സമർപ്പിത സമൂഹങ്ങളുടെയും മൈനർ സെമിനാരികളിലും പ്രവേശനം നേടാവുന്നതാണ്. നമ്മുടെ രൂപതയിലെ മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിനായി ചേരാനാഗ്രഹിക്കുന്നവർ എത്രയും വേഗം തങ്ങളുടെ വികാരിയച്ചന്മാരുമായി ബന്ധപ്പെട്ട് ബഹു. റെക്ടർ അച്ചന്റെ പേരിൽ അപേക്ഷ അയയ്ക്കേണ്ടതാണ്. അതുപോലെ തന്നെ കേരള ത്തിന് പുറത്തുള്ള സീറോമലബാർ രൂപതയായ ഫരിദാബാദ് രൂപത യിലേയ്ക്കും, ആസ്ത്രേലിയായിലെ മെൽബൺ, കാനഡയിലെ മിസ്സി സാഗ എന്നിവിടങ്ങളിലേയ്ക്കും വൈദിക പരിശീലനത്തിന് താത്പര്യ മുള്ള ആൺകുട്ടികൾക്ക് മാനന്തവാടി മൈനർ സെമിനാരിയിൽ അപേക്ഷ നൽകാവുന്നതാണ്. കേരളത്തിൽ നിന്നുള്ള സീറോ മലബാർ കത്തോലിക്കർക്കായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ രൂപതകളിലേയ്ക്ക് അതാത് സ്ഥലങ്ങളിൽ നിന്ന് അർത്ഥികളെ കിട്ടുന്നതുവരെ ഇവിടെ നിന്നുള്ളവർ തന്നെ പോകേണ്ടതുണ്ട്.

ഇന്ത്യയിൽ തന്നെയുള്ള മിഷൻ രൂപതകളിലേയ്ക്കും, പ്രത്യേ കിച്ച് സീറോമലബാർ മിഷൻ രൂപതകളിലേക്ക്, കുട്ടികൾ ചേരുകയും വൈദികരാവുകയും ചെയ്യേണ്ടതുണ്ട്. ഓരോ ക്രൈസ്തവ വിശ്വാസിയും മിഷനറിയായിരിക്കണം എന്നുള്ളതാണല്ലോ സഭയുടെ പ്രബോധനം. മിഷനറി ചൈതന്യമില്ലാത്ത സഭാസമൂഹങ്ങൾ വിശ്വാസ ജീവിതത്തിൽ മരിച്ചതുപോലെ കണക്കാക്കാം.

സമർപ്പിതവൈദികരാകാൻ താൽപര്യമുള്ള ആൺകുട്ടി കൾക്കായി വിവിധ സമർപ്പിത സമൂഹങ്ങളും നമുക്കുണ്ട്. അവയിലും കുട്ടികൾ ചേരുവാൻ താൽപര്യം പ്രകടിപ്പിക്കണം. വൈദികജീവിതം ആഗ്രഹിക്കാത്തവരും എന്നാൽ സമർപ്പിത ജീവിതം ഇഷ്ടപ്പെടുന്നവരു മായ ആൺകുട്ടികൾക്കായി സന്യാസ സഹോദരന്മാരുടെ സമൂഹങ്ങളും നമ്മുടെ സഭയിലുണ്ട്. ആദിമ സന്യാസ സമൂഹത്തിന്റെ മാതൃകയിൽ ജീവിക്കുന്ന അവർക്കും പുതിയ തലമുറയെ ലഭ്യമാക്കണം. ഈ സമൂ ഹങ്ങളിലേയ്ക്ക് പ്രവേശനത്തിന് ആഗ്രഹിക്കുന്ന കുട്ടികളെ നിരുത്സാഹ പ്പെടുത്തി വൈദികജീവിതത്തിലേയ്ക്ക് പറഞ്ഞുവിടുന്ന രീതി ശരിയല്ല എന്ന് പ്രത്യേകം എടുത്തുപറയട്ടെ.

സമർപ്പിതജീവിതം നയിക്കാനാഗ്രഹിക്കുന്ന പെൺകുട്ടി കൾക്കായി ധാരാളം സമൂഹങ്ങൾ നമ്മുടെ സഭയിലുണ്ട്. നിർഭാഗ്യ

വശാൽ ഈ സമൂഹങ്ങളിലേയ്ക്ക് ഇന്ന് കുട്ടികൾ കടന്നു ചെല്ലുവാൻ മടിക്കുന്നു എന്നതൊരു വസ്തുതയാണ്. സഭാസമൂഹത്തിനും പൊതു സമൂഹത്തിനും വേണ്ടി നിസ്വാർത്ഥസേവനം ചെയ്യുന്ന ഇവരുടെയും നിലനിൽപ്പ് പുതിയ തലമുറയെ ആശ്രയിച്ചാണ് നിലനിൽക്കുന്നതെന്ന് എല്ലാവരും ഓർക്കുമല്ലോ. ധാരാളം പെൺകുട്ടികൾ ഈ സമൂഹത്തി ലേയ്ക്കും കടന്നുവരാൻ താൽപര്യപ്പെടേണ്ടതുണ്ട്. മാതാപിതാക്കൾ അതിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

മാനന്തവാടി രൂപതയ്ക്ക് പുറത്തുള്ള രൂപതകളിലും സമർപ്പിത സമൂഹങ്ങളിലും ചേരുന്നവർ, ആൺകുട്ടികളും പെൺകുട്ടികളും, നമ്മുടെ രൂപതാ വൊക്കേഷൻ ബ്യൂറോയിൽ നിന്നുള്ള അനുമതിപത്രം മുൻകൂട്ടി തന്നെ വാങ്ങേണ്ടതാണ്. പലരും സമർപ്പിത സമൂഹങ്ങളിൽ ചേർന്ന് കഴിഞ്ഞ് നവസന്യാസകാലഘട്ടത്തിലാണ് അനുമതിപത്രത്തി നായി വരുന്നത് എന്ന് മനസ്സിലാക്കുന്നു. അപ്രകാരം വരുന്നവർക്ക് അത് കിട്ടാൻ ബുദ്ധിമുട്ടാകും എന്നും ഓർത്തിരിക്കുക.

മാനന്തവാടി രൂപയ്ക്കായി ഇപ്പോൾ മൈനർ സെമിനാരിയിൽ 38 പേരും വിവിധ മേജർ സെമിനാരികളിലായി 41 പേരും പരിശീലനം നടത്തിക്കൊണ്ടിരിക്കുന്നു. 16 പേർ മൈനർ സെമിനാരി പരിശീലന ത്തിന് ശേഷമുള്ള ഡിഗ്രി പഠനത്തിലും 15 പേർ ഫിലോസഫി പഠന ത്തിനു ശേഷമുള്ള ബിരുദാനന്തര പഠനത്തിലും ഏർപ്പെട്ടിരിക്കുന്നു. അങ്ങനെ ആകെ ഇപ്പോൾ നിലവിൽ നമുക്കുള്ളത് 110 വൈദിക വിദ്യാർത്ഥികളാണ്. ഈ വർഷം നമ്മുടെ രൂപതയ്ക്കായി 4 പേർ വൈദിക പട്ടം സ്വീകരിച്ചു. മംഗലപ്പുഴ, വടവാതൂർ, കുന്നോത്ത്, തൃശൂർ, പൂന, ഏലൂരു, കൽക്കട്ട, ഷില്ലോംഗ്, റോം എന്നിവിടങ്ങളിലുള്ള മേജർ സെമിനാരികളിലാണ് നമ്മുടെ വിദ്യാർത്ഥികൾ പഠിക്കുന്നത്.

വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുള്ള ചെലവ് ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുകയാണ്. ഇക്കഴിഞ്ഞ വർഷം ഒരു വിദ്യാർത്ഥിക്കു മൈനർ സെമിനാരിയിൽ 59448 രൂപയും മേജർ സെമി നാരിയിൽ ശരാശരി 44000 രൂപയും വീതമാണ് ചെലവായത്. മേജർ സെമിനാരിക്കാരുടെ കാര്യത്തിൽ ഓരോ സെമിനാരിയിലും ചെറിയ വ്യത്യാസങ്ങൾ ഉണ്ടാകാം. കഴിഞ്ഞ വർഷം നമ്മുടെ രൂപത വൈദിക വിദ്യാർത്ഥികൾക്കായി ചിലവഴിച്ചത് ആകെ 45 ലക്ഷം രൂപയാണ്.

നമ്മുടെ വൈദിക വിദ്യാർത്ഥികൾ മൈനർ സെമിനാരിയിൽ പ്രതി വർഷം 5000 രൂപ വീതം നൽകുന്നുണ്ട്. മേജർ സെമിനാരികളി ലുള്ളവരിൽ നിന്ന് അപ്രകാരം വാങ്ങുന്നില്ല. എന്നാൽ അവരവരുടെ വസ്ത്രങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയ്ക്ക് പണം സ്വയം കണ്ടെ

ത്തണം. വൈദിക പരിശീലനത്തിന്റെ ചെലവിനുള്ള തുക നമ്മൾ കണ്ടെത്തുന്നത് ഉദാരമനസ്കരായ രൂപതാംഗങ്ങളിൽ നിന്നും മറ്റ് ഉപകാരികളിൽ നിന്നുമാണ്. വ്യക്തികളും ഇടവകകളും സന്യാസസമൂഹങ്ങളും ഇക്കാര്യത്തിൽ നിസ്വാർത്ഥമായി സഹകരിക്കുന്നുണ്ട് എന്നത് വലിയ ആശ്വാസം നൽകുന്നു. അവരെയെല്ലാം നന്ദിപൂർവ്വം ഓർക്കുകയും ദൈവം അവരെ ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഓരോ വർഷവും സെമിനാരിയിൽ വിദ്യാർത്ഥികളുടെ പരിശീലന ച്ചെലവിലേക്ക് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കാറുണ്ടല്ലോ. ഈ വർഷം അത് മാർച്ച് മാസം 26 ഞായറാഴ്ച എടുക്കേണ്ടതാണ്. ഇക്കാര്യം ബഹു. വികാരിയച്ചന്മാർ മുൻകൂട്ടി പള്ളിയിൽ അറിയിച്ച് അന്നേദിവസം ലഭിക്കുന്ന തുക എത്രയും വേഗം രൂപതാകേന്ദ്രത്തിലേക്ക് അയച്ച് കൊടുക്കുകയും ചെയ്യണം. ഇക്കാര്യത്തിൽ എല്ലാവരുടേയും ഉദാരമായ സംഭാവന പ്രതീക്ഷിക്കുന്നു. വിദേശസഹായമൊന്നും കാര്യമായി ലഭിക്കാത്ത ഈ സാഹചര്യത്തിൽ നിങ്ങളുടെ സംഭാവനകൾ മാത്രമായിരിക്കും ഇക്കാര്യത്തിൽ രൂപതയ്ക്ക് പ്രതീക്ഷിക്കാനുള്ളത്.

ഇടവകകളിൽ പോകാനും സംഭാവനകൾ സ്വീകരിക്കാനും അതുപോലെ തന്നെ വൈദീക ജീവിതത്തിലേയ്ക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യം വെച്ചുകൊണ്ട് ഒരു വൈദികനെ തന്നെ നിയമിച്ചിട്ടുണ്ട്. ബഹു. സെബാസ്റ്റ്യൻ ഏലംകുന്നേലച്ചനാണ് അപ്രകാരം നിയമിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹം വികാരിയച്ചന്മാരെ മുൻകൂട്ടി അറിയിച്ച് വികാരിയച്ചന്മാരുടെ സമ്മതത്തോടുകൂടി ഇടവകകൾ സന്ദർശിച്ച് ഇടവകകളുടെയും വ്യക്തികളുടെയും സംഭാവനകൾ സ്വീകരിക്കുന്നതാണ്. ഈ സംഭാവനകൾ മേൽപ്പറഞ്ഞ രീതിയിൽ എടുക്കുന്ന സ്തോത്രക്കാഴ്ചക്ക് പുറമേ ആണ് എന്ന് ഓർത്തിരിക്കുമല്ലോ.

മേൽപ്പറഞ്ഞ രീതികൾക്കു പുറമേ നമ്മുടെ രൂപതയിലെ റിട്ടയർ ചെയ്ത ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ഒരു കൂട്ടായ്മ വൈദിക പരിശീലനത്തിനുള്ള സംഭാവന ശേഖരിക്കുന്നതിനായി രൂപപ്പെടുത്തിയിട്ടുണ്ട്. അവരിൽ നിന്ന് തന്നെയുള്ള ചിലരാണ് ഇക്കാര്യത്തിന് മുൻ കയ്യെടുത്തത് എന്നത് ഏറെ ശ്ലാഘനീയമാണ്. റിട്ടയർ ചെയ്തവരും കുടുംബ പ്രാരാബ്ധങ്ങൾ തീർന്നവരുമായ ഉദ്യോഗസ്ഥരിൽ നിന്ന് ഒരു നിശ്ചിത തുക ഓരോ വർഷവും സംഭാവനയായി സ്വീകരിക്കാനുള്ള പദ്ധതിയാണിത്. പദ്ധതിയിലൂടെ വാഗ്ദാനം ചെയ്യപ്പെട്ട തുക ഓരോ വർഷവും അല്ലെങ്കിൽ ക്രമമായ മറ്റ് ഇടവേളകളിൽ രൂപതാ കേന്ദ്രത്തിലേക്ക് നേരിട്ട് അയച്ചുതരികയാണ് ചെയ്യുന്നത്. ഓരോ ഇടവകയിൽ നിന്നും

റിട്ടയർ ചെയ്ത ഒരാളെ അതാത് ഇടവകകളിൽ ഇക്കാര്യങ്ങൾ ക്രമീക രിക്കുന്നതിനായി തെരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തി നായി റിട്ടയർ ചെയ്തവരുടെ കൂട്ടായ്മയുടെ പ്രതിനിധികൾ ബഹു. വികാരിയച്ചന്മാരെ സമീപിക്കുമ്പോൾ അവർക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത്തര ത്തിലുള്ള ഒരു സംരംഭവുമായി മുന്നോട്ട് വന്ന നമ്മുടെ രൂപതാംഗങ്ങളെ പ്രത്യേകമായി ഞാൻ അനുമോദിക്കുകയും അവർക്ക് നന്ദി പറയുകയും അവരുടെ പ്രവർത്തനങ്ങൾ വിജയത്തിലെത്തട്ടെയെന്ന് പ്രാർത്ഥിക്കു കയും ചെയ്യുന്നു. ഇതായിരുന്നു നമ്മുടെ സഭയുടെ ആദിമ പാരമ്പര്യ മെന്നും ഇത്തരുണത്തിൽ പ്രത്യേകം സ്മരിക്കപ്പെടേണ്ടതുണ്ട്. അതാ യത് ഇടവക സമൂഹങ്ങളുടെ ഉത്തരവാദിത്വത്തിലും ചിലവിലുമാണ് വൈദീക വിദ്യാർത്ഥികൾ പരിശീലനം നേടിയിരുന്നത്.

വൈദീക ജീവിതത്തിന്റേയും സമർപ്പിത ജീവിതത്തിന്റെയും പ്രാധാന്യം മനസിലാക്കി എല്ലാ കുടുംബങ്ങളും തങ്ങളുടെ പ്രാർത്ഥന യിൽ അവരെ അനുസ്മരിക്കുകയും പുതിയതായി ധാരാളംപേർ ഇതി ലേയ്ക്ക് കടന്നുവരാൻ പ്രോത്സാഹനം കൊടുക്കുകയും ചെയ്യണം എന്ന് എല്ലാവരേയും സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. പ്രത്യേകിച്ച് മാനന്തവാടി രൂപതയിലേയ്ക്ക് കൂടുതൽപേർ ശുശ്രൂഷയ്ക്കായി എത്തണം. നമ്മുടെ സഭയും രൂപതയും അങ്ങനെ എന്നും വിശ്വാസ ജീവിതത്തിൽ സജീവമായി നിലനിന്ന് കത്തോലിക്കാ സമൂഹത്തിന് മുഴുവൻ സാക്ഷ്യമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 ഫെബ്രുവരി മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2017 മാർച്ച് മാസം 19-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# സർക്കുലർ

***Circular Letter No. 02/2017***
***Prot. No.19208/2017***

**മാനന്തവാടി രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികരുടെയും സമർപ്പിതരുടെയും പ്രത്യേക ശ്രദ്ധയ്ക്ക്**

പ്രിയ ബഹുമാനപ്പെട്ട വൈദിക സഹോദരന്മാരേ, സമർപ്പിതരായ സഹോദരീ സഹോദരന്മാരേ,

ഇക്കഴിഞ്ഞ ഏതാനും മാസങ്ങളിലായി കേന്ദ്രസർക്കാർ നമ്മുടെ രാജ്യത്ത് നടക്കുന്ന സാമ്പത്തിക ഇടപാടുകളെ സംബന്ധിച്ച് നിരവധി പുതിയ നിബന്ധനകൾ കൊണ്ടുവന്നിട്ടുള്ളത് മാധ്യമങ്ങളിലൂടെ നിങ്ങൾ അറിഞ്ഞ് കാണുമല്ലോ. നമ്മുടെ രൂപതയുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളിലും അതിന്റെ പ്രത്യാഘാതങ്ങൾ ഉണ്ടാവുക സ്വാഭാവികം മാത്രം. പുതിയതായി ഉരുത്തിരിഞ്ഞ സാഹചര്യത്തിൽ എല്ലാ സാമ്പത്തിക ഇടപാടുകളും കൂടുതൽ കർശനമായി സർക്കാർ നിരീക്ഷിക്കും എന്നതാണ് പ്രധാനമായി നാം മനസ്സിലാക്കേണ്ടത്. ഇടപാടുകൾ കൃത്യവും സത്യസന്ധവും സുതാര്യവും ആകുന്നതോടൊപ്പം സർക്കാർ നൽകുന്ന നിബന്ധനകൾക്കുകൂടി വിധേയം ആയില്ലെങ്കിൽ അതിന്റെ പ്രത്യാഘാതങ്ങൾ നമ്മൾ ചിന്തിക്കുന്നതിലും വലുതായിരിക്കും. മാത്രമല്ല ഇക്കാര്യങ്ങളിൽ നമ്മൾ മറ്റുള്ളവർക്ക് മാതൃകയാകുകയും ചെയ്യണം. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയെ സാരമായി തടസ്സപ്പെടുത്തുന്ന സമാന്തര കള്ളപ്പണ ഇടപാടുകളെ പരമാവധി ഇല്ലാതാക്കാൻ നമ്മുടേയും സഹകരണം അത്യന്താപേക്ഷിതമാണ്. കഴിയുന്നത്ര എല്ലാ ഇടപാടുകളും ബാങ്ക് വഴി ആക്കുക എന്നതാണ് അതിന് പ്രതിവിധി. അത് സംഭവിക്കാൻ സമയമെടുക്കുമായിരിക്കാം. പക്ഷേ നമ്മൾ എവിടെയെങ്കിലും തുടങ്ങിയാലല്ലേ എന്നെങ്കിലും ആ ലക്ഷ്യത്തിൽ എത്തുകയുള്ളു. ബുദ്ധിമുട്ടുകൾ തീർച്ചയായും ഉണ്ടാകും. പക്ഷേ അതിന്റെ ഫലം അത്ഭുതാവഹമായിരിക്കും.

മേൽപ്പറഞ്ഞവയുടെ പ്രായോഗിക വശങ്ങളെ സംബന്ധിച്ച് ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. എല്ലാവരും ഇക്കാര്യങ്ങൾ വളരെ ഗൗരവത്തോടെ കാണുകയും കൂടുതൽ വിശദീകരണങ്ങൾ ആവശ്യമെങ്കിൽ ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, ബാങ്ക് ഉദ്യോഗസ്ഥർ, ഈ രംഗത്ത് പ്രവർത്തിക്കുന്ന

വക്കീലന്മാർ തുടങ്ങിയവരുമായി ബന്ധപ്പെട്ട് സ്വന്തം നിലയിൽ കണ്ടെത്തുകയും നമ്മുടെ ഇടവകകളുടേയും സ്ഥാപനങ്ങളുടേയും സംഘടനകളുടേയും സമർപ്പിത ഭവനങ്ങളുടെയും എല്ലാം സാമ്പത്തിക ഇടപാടുകൾ സുതാര്യവും കൃത്യതയുള്ളതും സത്യസന്ധവും ആക്കി കൈകാര്യം ചെയ്യുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. ഇതിൽ പ്രതിപാദിക്കുന്ന എല്ലാ കാര്യങ്ങളും എല്ലാവരേയും ബാധിക്കുന്നതാകണം എന്നില്ല. ഓരോരുത്തരും ഇവയിൽ നിന്ന് അവരവരുടെ ചുമതലയിൽവരുന്ന ഇടപാടുകൾക്ക് ആവശ്യമായവ സ്വീകരിച്ചാൽ മതിയാകും.

ഇനിമുതൽ സാമ്പത്തിക ഇടുപാടുകൾക്ക് എല്ലാവർക്കും ആധാർ, പാൻകാർഡ്, മൊബൈൽ ഫോൺ നമ്പർ എന്നിവ ഉണ്ടായിരിക്കണം എന്നതാണ് ഒന്നാമത്തേത്. ഏതെങ്കിലും അക്ഷയ കേന്ദ്രത്തിൽ ചെന്നാൽ ആധാർ കാർഡ് വളരെ എളുപ്പം ലഭ്യമാക്കുന്നതാണ്. ആധാർ കാർഡാണ് ഇനി മുതൽ ഇന്ത്യൻ പൗരന്റെ അടിസ്ഥാന തിരിച്ചറിയൽ രേഖ. ഇത് ജനനത്തീയതി തെളിയിക്കാനുള്ള രേഖയല്ല എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. പെർമനന്റ് അക്കൗണ്ട് നമ്പർ എന്നതിന്റെ ചുരുക്കപ്പേരാണ് പാൻ. ബാങ്കുകളും ലൈഫ് ഇൻഷുറൻസ് ഏജന്റുമാരും മറ്റും പാൻ എടുത്ത് തരും. നമ്മുടെ സാമ്പത്തിക ഇടപാടുകളുടെ വിവരം ആദായനികുതി ഓഫീസിലും മറ്റ് സർക്കാർ ഓഫീസുകളിലും കമ്പ്യൂട്ടർവഴി തത്സമയം ലഭ്യമാക്കാനുള്ള ഒരു സംവിധാനമാണിത്. പാൻ ഉള്ള എല്ലാവരുടേയും സാമ്പത്തിക ഇടപാടുകളുടെ വിവരങ്ങൾ, അവ ബാങ്കിലൂടെയാണെങ്കിൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ അപ്പപ്പോൾ കിട്ടിക്കൊണ്ടിരിക്കും. അങ്ങനെ നികുതി കൊടുക്കേണ്ടവർ ആരെല്ലാം, ആരെല്ലാമാണ് സർക്കാർ സഹായങ്ങൾക്ക് അർഹരാകുന്ന തരത്തിൽ കുറഞ്ഞ വരുമാനമുള്ളവർ, ഉദാഹരണം ബി.പി.എൽ. ലിസ്റ്റിൽ വരുന്നവർ, എന്നെല്ലാം അപ്പോൾ സർക്കാരിന് എളുപ്പം മനസ്സിലാക്കാം. സർക്കാർ സബ്സിഡിയും മറ്റും അനർഹർ കൊണ്ടുപോകുന്നത് തടയാൻ ഇത് വഴി കഴിയും. മൊബൈൽ ഫോൺ നമ്പർ ഇല്ലാത്തവർ വളരെ കുറവായിരിക്കും എന്ന് കരുതുന്നു. ഈ വർഷത്തിനുള്ളിൽ തന്നെ എല്ലാ മൊബൈൽ നമ്പരുകളും അവയുടെ ഉടമസ്ഥരുടെ ആധാർ കാർഡുമായി ബന്ധിപ്പിക്കും എന്നറിയുന്നു. തീവ്രവാദികളെയും മറ്റും തിരിച്ചറിയാൻ ഇതാവശ്യമാണ്.

എല്ലാ ബാങ്ക് അക്കൗണ്ടുകളും ഇനിമുതൽ ആധാർ കാർഡ്, പാൻ കാർഡ്, മൊബൈൽ ഫോൺ നമ്പർ എന്നിവയുമായി ബന്ധിപ്പിക്കേണ്ടി വരും. അതുകൊണ്ട് എല്ലാ രൂപതാവൈദികർക്കും മേൽപ്പറഞ്ഞ മൂന്ന് കാര്യങ്ങളും നിർബന്ധമായും ഉണ്ടായിരിക്കണം. ഇടവകയിൽ

ശുശ്രൂഷചെയ്യുന്ന സമർപ്പിത വൈദികർക്ക് സ്വന്തമായി ബാങ്ക് അക്കൗണ്ട് വേണമെന്നില്ല. മേൽപ്പറഞ്ഞവയുടെ അഭാവത്തിൽ ഇടവകകളിലും സ്ഥാപനങ്ങളിലും മറ്റും സ്വതന്ത്ര ഉത്തരവാദിത്വത്തിൽ ശുശ്രൂഷ ചെയ്യാൻ പ്രയാസം നേരിട്ടേക്കാം. ഇടവകകൾ, സ്ഥാപനങ്ങൾ, എന്നിവക്കും പ്രത്യേകം പാൻ കാർഡ് ആവശ്യമാണ്. പണംകൈമാറ്റം ഏത് മേഖലയിലായാലും ഇവയിലേതെങ്കിലും അനിവാര്യമാകുന്ന സാഹചര്യം ഇപ്പോൾ തന്നെയുണ്ട്. ഒരുപക്ഷേ സമീപഭാവിയിൽ തന്നെ സാധാരണ ക്രയവിക്രയത്തിന് പോലും ആധാർ നമ്പർ മാത്രം അടിസ്ഥാനമാക്കിയുള്ള രീതികൾ നിലവിൽ വന്നേക്കാം. നമ്മൾ നേരത്തെ തന്നെ ഒരുങ്ങിയിരുന്നാൽ കാര്യങ്ങൾ കൂടുതൽ സുഗമമാക്കാം.

ഇനി മുതൽ സ്ഥാപനങ്ങൾക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കാൻ അനുവാദമില്ല എന്നതാണ് മറ്റൊരു പ്രധാന സർക്കാർ നിബന്ധന. പകരം കറന്റ് അക്കൗണ്ട് തുറക്കാവുന്നതാണ്. സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലുള്ള തുകക്ക് പലിശ ലഭിക്കും. എന്നാൽ കറന്റ് അക്കൗണ്ടിലേതിന് ലഭിക്കില്ല. കറന്റ് അക്കൗണ്ടിനുള്ള സൗകര്യം ഒരു ദിവസം തന്നെ എത്ര പ്രാവശ്യം വേണമെങ്കിലും പണം നിക്ഷേപിക്കുകയോ പിൻവലിക്കുകയോ ചെയ്യാം എന്നതാണ്. സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ അതിന് നിയന്ത്രണങ്ങളുണ്ട്. ഇപ്പോൾ നിലവിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ നിലനിർത്താൻ തടസ്സമില്ല എന്നാണറിയുന്നത്. പക്ഷേ അവയെല്ലാം ആധാർ കാർഡും മൊബൈൽ നമ്പരുമായി ബന്ധിപ്പിക്കേണ്ടിവരും. ഇടവകകൾ, സ്ഥാപനങ്ങൾ എന്നിവ അതാത് കാലത്ത് അതിന്റെ ഉത്തരവാദിത്വമുള്ളയാളിന്റെ ആധാർ കാർഡും മൊബൈൽ നമ്പറും കൊടുത്താൽ മതിയാകും എന്നാണ് ലഭ്യമായ അറിവ്. പുതിയ ആൾ ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോൾ രൂപതാ കേന്ദ്രത്തിൽ നിന്നുള്ള നിയമനക്കത്തിന്റെ പകർപ്പ് കൊടുത്താൽ അക്കൗണ്ടുമായി പുതിയ ആളുടെ ആധാർ കാർഡും മൊബൈൽ നമ്പരുമായി ബന്ധിപ്പിക്കാം എന്നും മനസ്സിലാക്കുന്നു. ഇക്കാര്യങ്ങളിൽ മാറ്റങ്ങൾ വന്ന് കൂടെന്നില്ല. കൂടുതൽ വ്യക്തത സമീപ ഭാവിയിൽ കിട്ടുമായിരിക്കും. മൊബൈൽ നമ്പർ എപ്പോഴെങ്കിലും മാറിയാൽ ആ വിവരം ഉടൻ തന്നെ ബന്ധപ്പെട്ട ബാങ്കിലും ബിഷപ്സ് ഹൗസിലും അറിയിക്കേണ്ടതാണ്.

2017 ജനുവരി മുതൽ വൈദികരുടെ അലവൻസ്, ഇടവകയിലെ വിവിധ ശുശ്രൂഷകർക്ക് കൊടുക്കുന്ന ശമ്പളം എന്നിവ വർദ്ധിച്ചിരിക്കുന്ന കാര്യം നിങ്ങൾക്കറിയാമല്ലോ. ഏപ്രിൽ മുതൽ കുർബാനധർമ്മം, പടിസാധനങ്ങൾ എന്നിവയിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. (പേജ് 20–22 കാണുക) അപ്രകാരമായിരിക്കും പുതിയ സാമ്പത്തികവർഷത്തിൽ

കൊടുക്കേണ്ടതും വാങ്ങേണ്ടതും. പുതുക്കിയ കുർബാനധർമ്മം ഒറ്റ കുർബാനയ്ക്ക് 100 രൂപയും പാട്ടുകുർബാനയ്ക്ക് 200 രൂപയുമാണ്. ഏപ്രിൽ 1 വരെ ആവശ്യമായി വരുന്നതിൽ കൂടുതൽ പഴയ റേറ്റിലുള്ള (75 രൂപ) കുർബാനധർമ്മം കൈവശമുള്ള ബഹുമാനപ്പെട്ട വൈദികർ അത് ഏപ്രിൽ മാസത്തിൽതന്നെ ബിഷപ്സ് ഹൗസിൽ ഏൽപ്പിച്ച് രസീത് വാങ്ങേണ്ടതാണ്. ഏപ്രിൽ 30 ന് ശേഷം അവ വാങ്ങാൻ ബുദ്ധിമുട്ടാണ് എന്ന കാര്യം ഓർമ്മപ്പെടുത്തട്ടെ. ഏപ്രിൽ 30 ന് ശേഷവും കൈവശം വയ്ക്കുന്നവർ അത് പഴയ റേറ്റിൽ തന്നെ ചൊല്ലി തീർക്കേണ്ടതാണ്.

കുർബാനധർമ്മം ഏൽപ്പിക്കാനുണ്ടെങ്കിൽ അത് ചെക്ക്, ബാങ്ക് ട്രാൻസ്ഫർ തുടങ്ങിയ രീതികളിലൂടെഏൽപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കുർബാനപ്പണം ബഹുമാനപ്പെട്ട വൈദികർ സ്വന്തം വ്യക്തിഗത അക്കൗണ്ടിൽ നിന്നാണ് ട്രാൻസ്ഫർ ചെയ്യേണ്ടത് എന്നകാര്യവും ഓർമ്മപ്പെടുത്തുന്നു. അതുപോലെ തന്നെ ചെക്കാണെങ്കിൽ സ്വന്തം അക്കൗണ്ടിന്റേതായിരിക്കണം. ക്രഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് എന്നിവ ഉപയോഗിച്ചും ബിഷപ്സ് ഹൗസിലേക്ക് പണം കൊടുക്കാൻ അധികം താമസിയാതെ തന്നെ സൗകര്യം ഒരുക്കുന്നുണ്ട്. അതിനുള്ള സ്വൈപ്പിംഗ് മെഷീൻ വൈകാതെ തന്നെ സ്ഥാപിക്കാം എന്നാണ് ബാങ്കുകാർ അറിയിച്ചിരിക്കുന്നത്. ഇപ്പോൾ ലഭ്യമായ അറിവ് വച്ച് ഇടവകകൾക്കും സ്ഥാപനങ്ങൾക്കും ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ കൊടുക്കുന്നില്ല. വ്യക്തികൾക്ക് മാത്രമാണ് ആ സൗകര്യമുള്ളത്. ഏതെങ്കിലും ഇടവകയ്ക്കോ സ്ഥാപനത്തിനോ കിട്ടിയിട്ടുണ്ടെങ്കിൽ അതുപയോഗിച്ച് പണം കൊടുക്കാവുന്നതാണ്. എന്നാൽ മൊബൈൽ ആപ്ലിക്കേഷൻ അടിസ്ഥാനമാക്കി കാർഡുകൾ ഇല്ലാതെതന്നെ പണം കൈമാറാനുള്ള സംവിധാനം ഇപ്പോൾ നിലവിൽ ഉണ്ട്. അതിന് പ്രത്യേക ചാർജ്ജുകൾ ഇല്ലതാനും. വീഞ്ഞ്, രസീത് ബുക്കുകൾ, ഫോറങ്ങൾ തുടങ്ങിയവ വാങ്ങുമ്പോൾ ഈ രീതിയിൽ പണം കൊടുക്കുന്നത് ഏറെ സൗകര്യപ്രദമായിരിക്കും. പ്രത്യേകിച്ച് വലിയ തുകകൾ ഉള്ളപ്പോൾ.

2016 നവംബർ 8 മുതൽ ഡിസംബർ 30 വരെ, അതായത് ആയിരത്തിന്റേയും അഞ്ഞൂറിന്റേയും നോട്ട് നിരോധിച്ച തീയതിമുതൽ അത് ബാങ്കിൽ നിക്ഷേപിക്കാൻ അനുവദിച്ച അവസാന തീയതി വരെ, ബിഷപ്സ് ഹൗസിൽ നോട്ടായി ലഭിച്ചതും ബാങ്കിൽ നിക്ഷേപിച്ചതുമായ കുർബാനപ്പണം ഉൾപ്പെടെയുള്ള എല്ലാ തുകയുടെയും വിശദവിവരങ്ങൾ ആദായനികുതി ഓഫീസിൽ നിന്ന് ചോദിച്ചിട്ടുണ്ട്. കുർബാനധർമ്മം അടച്ചയാളിന്റെ പേരുവിവരം, പാൻ കാർഡ് വിവരം, പണത്തിന്റെ ഉറവിടം തുടങ്ങിയവയാണ് ചോദിച്ചിരിക്കുന്നത്. പാൻ കാർഡ്

ഇല്ലാത്തവർ അടച്ചിട്ടുണ്ടോ എന്ന പ്രത്യേക ചോദ്യവുമുണ്ട്. ഈ വിവരങ്ങളെല്ലാം ആദായനികുതി ഓഫീസിൽ കിട്ടിക്കഴിയുമ്പോൾ അവ അടച്ചവർക്കും ഒരുപക്ഷേ ആദായനികുതി ഓഫീസിൽ നിന്ന് അന്വേഷണം വന്നെന്ന് വരാം. കൃത്യമായ വിവരങ്ങൾ നിൽകിയാൽ മതിയാകും.

ബഹുമാനപ്പെട്ട വൈദികർക്ക് അറിയാവുന്നതുപോലെ കുർബാനനിയോഗം ഏൽക്കുമ്പോൾ ഏൽപ്പിക്കുന്ന വ്യക്തിക്ക് കൊടുക്കാനായി രൂപതാ കേന്ദ്രത്തിൽ നിന്ന് തന്നെ രസീത് അച്ചടിപ്പിച്ചിട്ടുണ്ട്. ധാരാളം വൈദികർ അത് ഉപയോഗപ്പെടുത്തുന്നുമുണ്ട്. ഇതിമുതൽ എല്ലാ രൂപതാ വൈദികരും ഇടവകകളിൽ സേവനം ചെയ്യുന്ന സന്യസ്ത വൈദികരും കുർബാന ധർമ്മം ആരിൽ നിന്ന് സ്വീകരിച്ചാലും ലഭിക്കുന്ന തുകക്ക് മേൽപ്പറഞ്ഞ രസീത് കൊടുക്കേണ്ടതാണ്. അതിന്റെ പകർപ്പ് സൂക്ഷിക്കുകയും വ്യക്തമായി കണക്കെഴുതുകയും ചെയ്താൽ അന്വേഷണങ്ങൾ വരുമ്പോൾ കാര്യങ്ങൾ എളുപ്പമാകും. ഒരു സമയത്ത് ഒരാളുടെ കൈവശം നൂറിൽ കൂടുതൽ കുർബാനധർമ്മം ഉണ്ടാകാനും പാടില്ല എന്ന കാര്യവും ഏവരെയും ഓർമ്മപ്പെടുത്തട്ടെ. കൂടുതൽ വന്നാൽ വൈകാതെ അവ ബിഷപ്സ് ഹൗസിൽ ഏൽപ്പിക്കേണ്ടതാണ്. മറ്റ് വൈദികർക്ക് കൊടുക്കുകയാണെങ്കിൽ അക്കാര്യം സ്വന്തം കുർബാനക്കണക്കു പുസ്തകത്തിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം കൊടുക്കുകയാണെങ്കിൽ അത് ചെക്ക് വഴിയോ ബാങ്ക് ട്രാൻസ്ഫർ വഴിയോ മാത്രം ആയിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യണം.

ഇടവകയ്ക്കും ഇടവകയിലെ വൈദികർക്കും പ്രത്യേകം പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരിക്കണം എന്ന് എടുത്ത് പറയേണ്ടതില്ലല്ലോ. ഇവ രണ്ടിലുമുള്ള ഇടപാടുകൾ യാതൊരുകാരണവശാലും കൂട്ടിക്കുഴക്കാനും പാടില്ല. ബഹുമാനപ്പെട്ട വൈദികരുടെ അലവൻസ്, മറ്റ് ശുശ്രൂഷകരുടെ ശമ്പളം എന്നിവ അവരവരുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് ഇടവകയുടെ അക്കൗണ്ടിൽ നിന്ന് ട്രാൻസ്ഫർ ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. സമർപ്പിത വൈദികരുടേത് അവരുടെ ആശ്രമത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്താൽ മതി. ചെക്കു മുഖാന്തിരവും കൊടുക്കാം. ബഹുമാനപ്പെട്ട വികാരിമാർ അവരവരുടെ മൊബൈൽ ഫോണിൽ ഇടവകയുടെ അക്കൗണ്ടിന്റേയും സ്വന്തം അക്കൗണ്ടിന്റേയും മൊബൈൽ ആപ്ലിക്കേഷനുകൾ ഇൻസ്റ്റാൾ ചെയ്താൽ ഇത് വളരെ എളുപ്പത്തിൽ ഏത് സമയത്തും ഇന്റർനെറ്റ് സൗകര്യമുള്ള ഏത് സ്ഥലത്ത് നിന്നും ചെയ്യാവുന്നതാണ്. അതിലൂടെ തന്നെ രൂപതാ കേന്ദ്രത്തിലേക്കുള്ളതും ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. ഇക്കാര്യത്തിൽ എല്ലാ വൈദികരും ഒരുപോലെ വിദഗ്ധരല്ല എന്ന കാര്യം ഞാൻ മറക്കുന്നില്ല. ഓരോ ഫൊറോനായിലും ഇക്കാര്യത്തെപ്പറ്റി

അറിവുള്ളവരെ വിളിച്ച് പരിശീലനം കൊടുത്താൽ കുറേയെല്ലാം കാര്യങ്ങൾ ശരിയാകും എന്ന് ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാർ ഇക്കാര്യത്തിൽ മുൻകൈയ്യെടുക്കണം എന്ന ഭ്യർത്ഥിക്കുന്നു.

ബിഷപ്സ് ഹൗസിലേക്ക് നൽകുന്ന പിരിവുകളും മറ്റും അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയോ ചെക്കായി നൽകുകയോ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. അതിനുള്ള ബാങ്ക് വിവരങ്ങൾ ഈ ബുള്ളറ്റിനിൽ അന്യത്ര കൊടുത്തിട്ടുണ്ട്. (പേജ് 34-35) കൂടുതൽ വിവരങ്ങൾ ആവശ്യമുള്ളവർ ബഹുമാനപ്പെട്ട രൂപതാ പ്രൊക്യുറേറ്ററെ സമീപിച്ചാൽ ലഭ്യമാക്കുന്നതായിരിക്കും. അതിനാൽ രൂപതാ കേന്ദ്രത്തിലേക്ക് ഏപ്രിൽ ഒന്ന് മുതൽ അടക്കുന്ന തുകകൾ ഈ രീതിയിൽ അടക്കാൻ ശ്രദ്ധിക്കണേ. ബാങ്ക് ട്രാൻസ്ഫറാണെങ്കിൽ തുക ട്രാൻസ്ഫർ ചെയ്ത ശേഷം ബഹുമാനപ്പെട്ട പ്രൊക്യുറേറ്ററുടെ പേരിൽ ഈമെയിലിലൂടെയോ എസ്.എം.എസി.ലൂടെയോ ഏത് കാര്യത്തിനാണ് പണം അയച്ചത് എന്നുകൂടി എഴുതി അറിയിക്കണം. അല്ലാത്തപക്ഷം ബിഷപ്സ് ഹൗസിൽ കണക്കെഴുതാൻ സാധിക്കുകയില്ലല്ലോ.

രൂപതാദ്ധ്യക്ഷന്റെ ഇടവകസന്ദർശന വേളയിലോ അല്ലാതെയോ കൊടുക്കുന്ന സംഭാവനകളും മേൽവിവരിച്ച പ്രകാരം തന്നെ ചെക്കായി കൊടുക്കുകയോ ബാങ്ക് വഴി ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യേണ്ടതാണ്. ഈ ബാങ്ക് വിവരങ്ങളും അന്യത്ര കൊടുത്തിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ടിന്റെ അഭാവത്തിൽ പള്ളികൾക്കും മറ്റുമുള്ള ആദായനികുതി നിയമത്തിലെ 12 എ പ്രകാരമുള്ള നികുതിയിളവ് സർക്കാർ എടുത്ത് കളഞ്ഞെന്നും വരാം. അങ്ങനെ വന്നാൽ അത്തരം ഇടവകകളും സ്ഥാപനങ്ങളും ആദായനികുതി കൊടുക്കാൻ ബാദ്ധ്യസ്ഥരാകും. അതിനാൽ ഓഡിറ്റിംഗ് കൃത്യസമയത്ത് നടത്തി റിട്ടേൺ സമർപ്പിക്കുവാൻ ബഹു.വികാരിമാർ ശ്രദ്ധിക്കുമല്ലോ. കൃഷിയിൽ നിന്നുള്ള ആദായം, ആദായനികുതി നിയമപ്രകാരം നികുതി വിധേയമല്ല എന്ന കാര്യം പ്രത്യേകം എടുത്ത് പറയട്ടെ. എന്നാൽ കാർഷികോല്പന്നങ്ങൾ വിറ്റ് കിട്ടുന്ന തുകക്ക് പള്ളി രസീത് കൊടുക്കുകയും അവയുടെ കൗണ്ടർ ഫോയിലുകൾ സൂക്ഷിക്കുകയും ചെയ്താൽ ആദായനികുതി ഉദ്യോഗസ്ഥരുടെ ചോദ്യങ്ങൾക്ക് എളുപ്പം മറുപടി കൊടുക്കാൻ കഴിയും.

നമ്മുടെ രാജ്യത്തിലെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനും സാമ്പത്തിക പുരോഗതിക്കും എല്ലാവരുടെയും സഹകരണം അത്യന്താപേക്ഷിതമാണ്. ഔദ്യോഗികക്കണക്കനുസരിച്ച് 122 കോടിയിലധികം ജനങ്ങളുള്ള നമ്മുടെ രാജ്യത്ത് ആദായനികുതി കൊടുക്കുന്നവർ കേവലം രണ്ട് ശതമാനത്തിൽ താഴെ മാത്രമാണ്. അതേ സമയം ഇവിടെ വിൽക്ക

പ്പെടുന്ന വാഹനങ്ങൾ, നിർമ്മിക്കപ്പെടുന്ന ഭവനങ്ങൾ, മറ്റ് ഉപഭോഗ വസ്തുക്കൾ എന്നിവയുടെ വ്യാപ്തി നോക്കിയാൽ എത്രയോ കൂടുതൽ പേർ നികുതി കൊടുക്കേണ്ടതായിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ടിൽ താഴെ ശതമാനം പേർ കൊടുക്കുന്ന പ്രത്യക്ഷ നികുതിയും എല്ലാവരും കൊടുക്കുന്ന വില്പന നികുതി തുടങ്ങിയ പരോക്ഷ നികുതികളും കൂട്ടിയുള്ള നികുതി വരുമാനംകൊണ്ടാണ് ശമ്പളം, പെൻഷൻ തുടങ്ങിയവ കൊടുക്കുന്നതും രാജ്യം കടമെടുക്കുന്ന തുകയുടെ പലിശ കൊടുക്കുന്നതും റോഡ്, പാലം, വിദ്യാഭ്യാസം, ചികിത്സാസൗകര്യങ്ങൾ തുടങ്ങിയവക്കായി സർക്കാർ ചെലവഴിക്കുന്നതും. കിട്ടുന്ന നികുതിയുടെ നല്ലൊരു ശതമാനം അഴിമതിയിലൂടെ അനർഹർ സ്വന്തമാക്കുകയും ചെയ്യുന്ന വസ്തുതകൂടി പരിഗണിച്ചാൽ എത്ര തുച്ഛമാണ് രാജ്യത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ കിട്ടുന്നത് എന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഇതിന്റെയെല്ലാം കാരണമായി നിലകൊള്ളുന്നത് പൗരന്മാർ കൊടുക്കാൻ ബാദ്ധ്യസ്ഥമായ നികുതികൾ കൊടുക്കുന്നില്ല എന്നതാണ്. അതിന് കാരണം ബാങ്കിലൂടെയുള്ള പണമിടപാട് വളരെ കുറവാണെന്നതും. എല്ലാവരും സത്യസന്ധമായി നികുതി കൊടുത്തെങ്കിൽ മാത്രമേ രാജ്യപുരോഗതിക്ക് ആവശ്യമായ പണം കണ്ടെത്താൻ കഴിയുകയുള്ളൂ. നികുതി കൊടുക്കാതെ നോട്ടുകളുടെ രൂപത്തിൽ സൂക്ഷിച്ചു വയ്ക്കുന്ന കള്ളപ്പണം സാധനങ്ങളുടെയും സ്ഥലം തുടങ്ങിയവയുടെയും വില ക്രമാതീതമായി ഉയരാൻ കാരണമാകുകയും സമ്പന്നരല്ലാത്തവരുടെ അതിജീവനം അസാദ്ധ്യമാകുകയും ചെയ്യുന്നു. സമൂഹം തന്നെ ദരിദ്രരെ സൃഷ്ടിച്ചിട്ട് വല്ലപ്പോഴും അവർക്കായി ഏതാനും സാമൂഹ്യ പ്രവർത്തനങ്ങൾ ചെയ്യുകയും ചെയ്യുന്ന രീതി മാറേണ്ടതാണ്. ദരിദ്രർ എന്നും ഉണ്ടാകും എന്നത് വസ്തുതയാണ്. എന്നാൽ നല്ലൊരു പരിധിവരെ അങ്ങനെയുള്ളവർ ഇനിയുണ്ടാകാതിരിക്കാൻ സുതാര്യവും സത്യസന്ധവുമായ സാമ്പത്തിക ഇടപാടുകൾ സഹായിക്കും എന്നാണെന്റെ ഉത്തമബോദ്ധ്യം. അതിനായി നമ്മുടെ ദൈവജനത്തെ ഉദ്ബോധിപ്പിക്കയും ചെയ്യണം. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 ഫെബ്രുവരി മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# സർക്കുലർ



***Circular Letter No. 03/2017***
***Prot. No.19909/2017***

കർത്താവിൽ സ്നേഹിക്കപ്പെട്ട പ്രിയ കുട്ടികളേ,

മധ്യവേനലവധിയ്ക്കു ശേഷം വീണ്ടും നിങ്ങൾ നിങ്ങളുടെ പാഠശാലകളിലേയ്ക്ക് തിരികെ എത്തിയിരിക്കുകയാണല്ലോ. പുതിയ സ്കൂൾ വർഷത്തിൽ നിങ്ങൾക്ക് വിജയവും ധാരാളം ദൈവാനുഗ്രഹവും നേരുന്നു. പത്താം ക്ലാസ്സിലും പ്ലസ്ടുവിലും വിജയം നേടിയവരിൽ മിക്കവരും ഇതിനോടകം ഏതെങ്കിലും സ്ഥാപനത്തിൽ തുടർപഠനത്തിനായി ചേർന്നിട്ടുണ്ടാകും എന്ന് ഞാൻ കരുതുന്നു. കുറേ പേരെങ്കിലും ജയിക്കാത്തവരും ജയിച്ചിട്ടും ഒരു സ്ഥാപനത്തിലും പ്രവേശനം കിട്ടാത്തവരും ഉണ്ടാകും എന്നും ഞാൻ അനുമാനിക്കുന്നു. ജയിക്കാത്തവർക്ക് ഇനിയും അവസരമുണ്ട്. തോൽവി ജീവിതത്തിൽ സാധാരണമാണ്. അതിൽ മനസ് മടുക്കാതെയും പ്രത്യാശ കൈവിടാതെയും ദൈവത്തിൽ ആശ്രയിച്ചും കഠിനമായി പരിശ്രമിക്കുക. നിങ്ങളും വിജയിക്കും. ഒരുപക്ഷേ, നിങ്ങൾ സ്വപ്നം കാണുന്ന വലിയ രീതിയിലൊന്നും അത് സാധ്യമായെന്ന് വരില്ല. ഓരോരുത്തരും അവരവരുടെ കഴിവുകളും കഴിവുകേടുകളും തിരിച്ചറിഞ്ഞ് പഠിക്കുക എന്നത് വിജയത്തിന് പ്രധാനമാണ്. എങ്ങും പ്രവേശനം കിട്ടാത്തവർക്കും ധാരാളം സാധ്യതകളുണ്ട്. അറിവുള്ള വ്യക്തികളെ സമീപിച്ച് ഉപദേശം തേടാൻ പരിശ്രമിക്കണം.

എന്തിനാണ് നമ്മൾ പഠിക്കുന്നത് എന്നതിന് ജോലി കിട്ടാൻ എന്ന ഉത്തരമാണ് പലരും തരുന്നത്. ആ ഉത്തരം ഭാഗികമായി ശരിയാണ് താനും. എന്നാൽ അത് പൂർണ്ണമായി ശരിയല്ല എന്നതാണ് വസ്തുത. പരിഷ്കൃത സമൂഹത്തിൽ മാന്യമായി ക്രൈസ്തവധാർമ്മികതക്കനുസരിച്ച് ജീവിക്കാൻ പഠിക്കുക എന്നതാണ് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. ജോലികിട്ടാൻ ഏതെങ്കിലും ഒരു തൊഴിലധിഷ്ഠിത കോഴ്സ് പഠിച്ചാൽമതി. എന്നാൽ അതുകൊണ്ട് ഈ പറഞ്ഞതുപോലെ ജീവിക്കാൻ പഠിക്കണമെന്നില്ല. അതുകൊണ്ടാണ് നമ്മുടെ മാതാപിതാക്കളും അധ്യാപകരും നമ്മളെ വായി

ക്കാനും എഴുതാനും പഠിപ്പിക്കുന്നതോടൊപ്പം നമ്മുടെ സ്വഭാവം നല്ല രീതിയിൽ രൂപപ്പെടുത്തിയെടുക്കാനും ആവശ്യമായ ഉപദേശങ്ങൾ നൽകുന്നത്. അതോടൊപ്പം നമ്മുടെ വിവിധങ്ങളായ കഴിവുകളും വളർത്തിയെടുക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജി പറയുന്നു: നന്മയും തിന്മയും തിരിച്ചറിഞ്ഞ് നന്മയെ സ്വാംശീകരിക്കാനും തിന്മയെ ഒഴിവാക്കാനും നമ്മെ പഠിപ്പിക്കാത്ത വിദ്യാഭ്യാസം ആ പേരിന് അർഹമല്ല. കേവലം സാക്ഷരത വിദ്യാഭ്യാസമല്ല. യഥാർത്ഥ വിദ്യാഭ്യാസം പഠിക്കുന്ന വ്യക്തിയുടെ ചുറ്റുപാടുകൾക്ക് അനുസൃതമായിരിക്കണം. അല്ലെങ്കിൽ അത് ആരോഗ്യകരമായ ഒരു വളർച്ചയിലേയ്ക്ക് നയിക്കുകയില്ല. അദ്ദേഹത്തിന്റെ ഈ നിരീക്ഷണങ്ങൾ ഇന്നും എന്നും വളരെ പ്രസക്തമാണ്. നമ്മൾ വലിയ ഡിഗ്രിയെല്ലാം എടുത്ത് പുറത്തിറങ്ങുമ്പോൾ നന്മ ചെയ്യാനും തിന്മ ഒഴിവാക്കാനും തോന്നത്തക്ക രീതിയിൽ നമ്മുടെ സ്വഭാവം രൂപപ്പെട്ടിട്ടില്ലെങ്കിൽ ആ വിദ്യാഭ്യാസം കൊണ്ട് എന്ത് പ്രയോജനം? അങ്ങനെയുള്ളവർ സമൂഹത്തിന് എന്നും ഒരു ശല്യം തന്നെയായിരിക്കും.

സിനിമകളിലും ടെലിവിഷൻ സീരിയലുകളിലും മറ്റും നമ്മൾ കാണുന്ന ചില ദൃശ്യങ്ങൾ വിദ്യാഭ്യാസത്തെപ്പറ്റിയും അധ്യാപകരെ പറ്റിയും വിദ്യാർത്ഥികളുടെ ഉത്തരവാദിത്വങ്ങളെപ്പറ്റിയും മറ്റും നമുക്ക് തെറ്റായ ധാരണകൾ തന്നെന്ന് വരാം. അവയിൽ കാണുന്നവ കേവലം സങ്കല്പമാണ്, അല്ലെങ്കിൽ കഥയാണ് എന്ന് നമ്മൾ തിരിച്ചറിയണം. ജീവിതത്തിൽ അങ്ങനെയൊന്നും സാധ്യമാകണമെന്നില്ല. കുട്ടികൾ അധ്യാപകരെ അനുസരിക്കാതിരിക്കുകയും അപമാനിക്കുകയും ഉപദ്രവിക്കുകയും മറ്റും ചെയ്യുന്ന സീനുകളായിരിക്കാം അവിടെ അവതരിപ്പിക്കപ്പെടുന്നത്. അതൊന്നും നമുക്ക് അനുകരണീയമല്ല. സ്കൂളിലും കോളേജിലും മറ്റും പോകുന്നത് പഠനത്തിനല്ല മറ്റെന്തിനോ ഒക്കെ ആണെന്ന ധാരണയാണ് പലപ്പോഴും നിങ്ങൾക്ക് കിട്ടുന്നത്. ഇക്കാര്യം നമ്മൾ തിരിച്ചറിയുകയും അവയാൽ സ്വാധീനിക്കപ്പെടാതിരിക്കുകയും ചെയ്യണം.

ഭാവി സമൂഹത്തെ നയിക്കാനുള്ളവർ നിങ്ങളാണല്ലോ. പരസ്പര കൂട്ടായ്മയിലും സ്നേഹത്തിലും മറ്റും ജീവിക്കുന്ന ഒരു സമൂഹത്തെയായിരിക്കണം നിങ്ങൾ സ്വപ്നം കാണേണ്ടത്. അതിനുവേണ്ടിയുള്ള പരിശീലനമാണ് നിങ്ങൾ വിദ്യാഭ്യാസകാലത്ത് നേടേണ്ടത്. നിങ്ങളുടെ മക്കൾ ജീവിക്കാൻ പോകുന്ന സമൂഹത്തെ വാർത്തെടുക്കുന്നത് നിങ്ങ

ളാണ്. നിങ്ങളുടെ ഇപ്പോഴത്തെ നിലപാടുകളാണ് ആ സമൂഹത്തിന്റെ ഭാവി നിശ്ചയിക്കുന്നത്. പ്രിയപ്പെട്ട കുട്ടികളെ, ദൈവം നമുക്ക് നൽകിയ അവസരങ്ങളെയും കഴിവുകളെയും നല്ല രീതിയിൽ ഉപയോഗിക്കാൻ നിങ്ങൾ പഠിക്കണം. അങ്ങനെയാകുമ്പോൾ നിങ്ങൾ പഠിക്കുന്ന ജോലി കൾ ചെയ്ത് മാന്യമായി നിങ്ങൾക്ക് ജീവിക്കാൻ കഴിയും.കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 മെയ് മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2017 ജൂൺ 11-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായി ക്കേണ്ടതാണ്.**



# സർക്കുലർ

*Circular Letter No. 04/2017*
*Prot. No. 20013/2017*

## ആശാകിരണം – ക്യാൻസർ സുരക്ഷായജ്ഞം

ശാസ്ത്ര കണ്ടുപിടുത്തങ്ങളുടെയും പുരോഗമനത്തിന്റെയും പാതയിൽ മനുഷ്യൻ അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽത്തന്നെ അവന്റെ ജീവിതസാഹചര്യങ്ങൾക്കും ഒരുപാട് വ്യതിയാനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ആധുനികവൈദ്യശാസ്ത്രം എത്ര പുരോഗമിച്ചുവെന്നു പറഞ്ഞാലും മനുഷ്യജീവിതത്തിന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തുന്ന സാഹചര്യങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അത്തരത്തിൽ മനുഷ്യന്റെ നിസ്സഹായവസ്ഥ വിളിച്ചോതുന്ന ഒരു മഹാവിപത്താണ് അർബുദം അഥവാ ക്യാൻസർ. ഇന്ന് മനുഷ്യനെ മരണത്തിലേക്കു നയിക്കുന്ന ഏറ്റവും വലിയ ഒരു മാരകരോഗമായി ക്യാൻസർ മാറികഴിഞ്ഞു. ലോകാരോഗ്യസംഘടനയുടെ (WHO) കണക്കനുസരിച്ച് ആഗോളതലത്തിൽ 120 ലക്ഷം ആളുകൾ പ്രതിവർഷം ക്യാൻസർ ബാധിതരാവുകയും 90 ലക്ഷം പേർ മരണമടയുകയും ചെയ്യുന്നു. നമ്മുടെ രാജ്യത്തിൽ ഓരോ വർഷവും 25 ലക്ഷം പേർ രോഗബാധിതരാവുകയും 6 ലക്ഷംപേർ മരണമടയുകയും ചെയ്യുന്നു. നമ്മുടെ കൊച്ചുകേരളത്തിൽ ഒരു വർഷം 35000 ആളുകൾ ക്യാൻസർ ബാധിതരാകുന്നുണ്ട്. ആഗോളതലത്തിൽ 6 മരണങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ അതിലൊരാൾ ക്യാൻസർ രോഗത്താലാണ് മരിക്കുന്നത്. എന്നാൽ നമ്മുടെ രാജ്യത്തിൽ 4 പേർ മരിക്കുമ്പോൾ അതിലൊരാൾ ക്യാൻസർ രോഗത്താലാണെന്ന കണക്കുകൾ നമ്മളെ ഓർമ്മിപ്പിക്കുന്നത് ഈ രോഗത്തിന്റെ ഭീകരതതന്നെയാണ്.

കുടുംബത്തിൽ ഒരു വ്യക്തി ക്യാൻസർ ബാധിതനായാൽ രോഗി മാത്രമല്ല കുടുംബം മുഴുവനുമാണ് കഷ്ടതയിലേക്ക് നിപതിക്കുന്നത്. ക്യാൻസർ ബാധിച്ച വ്യക്തി മരണമടയുമ്പോൾ ആ കുടുംബം പലപ്പോഴും ഭീമമായ സാമ്പത്തിക പ്രതിസന്ധിയിലേക്കും കടക്കെണിയിലേക്കും വീണുപോകുന്നു. അവർക്ക് ആശ്രയമാകാനോ ആലംബ

മാകാനോ പലപ്പോഴും നമുക്ക് സാധിക്കാറുമില്ല എന്നതും വലിയ വസ്തുതയാണ്. ഇത് നമ്മെ ചിന്തിപ്പിക്കേണ്ട വസ്തുതയാണ്.

ക്യാൻസർ എന്ന മഹാവിപത്ത് നമ്മുടെ സമൂഹത്തിൽ പടരാൻ കാരണങ്ങൾ പലതാണ്. പരമപ്രധാനമായി ഗവേഷകർ പറയുന്ന കാരണം മനുഷ്യന്റെ മാറിക്കൊണ്ടിരിക്കുന്ന ദൈനംദിന ജീവിതശൈലി തന്നെയാണ്. പരമ്പരാഗതമായ പല ജീവിതരീതികളും സാഹചര്യങ്ങളും നമുക്ക് നഷ്ടപ്പെട്ടു. ഭക്ഷണക്രമങ്ങളും ഇന്ന് മാറിയിരിക്കുകയാണ്. മാര കമായ വിഷാംശം കലർന്ന ആഹാരവസ്തുക്കൾ, മദ്യത്തിന്റെ ദുരുപ യോഗം, മയക്കുമരുന്നുകളുടെ ഉപയോഗം, ഫാസ്റ്റ് ഫുഡ് ഭക്ഷണ ശൈലി, ആവശ്യമായ വ്യായാമവും വിശ്രമമില്ലായ്മയും, മാനസിക സംഘർഷം നിറഞ്ഞ ജീവിതശൈലി എന്നിവ ഈ വിപത്തിന്റെ മറ്റു കാരണങ്ങളായി പറയപ്പെടുന്നു.

പഠനങ്ങൾ മനസിലാക്കുമ്പോൾ ഈ വിപത്ത് ഒരു ജീവിത ശൈലി രോഗമാണെന്ന് നമുക്ക് നിസ്സംശയം പറയാൻ കഴിയും. വന്ന തിനുശേഷം ചികിത്സിക്കുക എന്നതിനേക്കാൾ ഈ വിപത്ത് വരാതിരി ക്കാൻ നമ്മൾ ശ്രദ്ധിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വിദഗ്ദ്ധരുടെ അഭിപ്രായത്തിൽ മൂന്നിലൊന്ന് ക്യാൻസർ രോഗങ്ങളും യഥാസമയത്തുള്ള രോഗനിർണ്ണയവും വഴി സുഖപ്പെടുത്താൻ നമുക്ക് കഴിയും.

ക്യാൻസർ എന്ന മഹാവിപത്ത് നമ്മുടെ ഇടയിൽ നിന്ന് തുടച്ചു നീക്കേണ്ടതാണ്. അങ്ങനെ നമുക്ക് ഈ രോഗത്തെ പ്രതിരോധിക്കാൻ കഴിയണം. അതുകൊണ്ടുതന്നെ നമ്മുടെ ജീവിതക്രമത്തിന് നമ്മൾ മാറ്റം വരുത്തുവാൻ തയ്യാറാകണം. നമ്മുടെ പരമ്പരാഗത രീതിയിലുള്ള ജീവിതക്രമങ്ങൾ പാലിക്കുവാൻ നാം പ്രാപ്തരാകണം. ഈ പ്രക്രിയയ്ക്ക് നമ്മുടെ കുടുംബങ്ങളിൽ നമുക്ക് സാഹചര്യമൊരുക്കാൻ കഴിയും. വിഷരഹിതമായ ഭക്ഷ്യവസ്തുക്കൾ നമ്മുടെ വീട്ടുവളപ്പുകളിൽ നാം ഉത്പാദിപ്പിക്കുകയും നമ്മുടെ ആഹാര രീതിയിലും ജീവിത വ്യവസ്ഥയിലും മാറ്റം വരുത്തുകയും ചെയ്താൽ ഒരു പരിധി വരെ നമുക്ക് ക്യാൻസറിനെ തടയാൻ കഴിയും.

ഇത്തരുണത്തിൽ കേരള കത്തോലിക്കസഭയിലെ 31 രൂപത കളോട് ചേർന്ന് നമ്മുടെ രൂപതയിലെ സാമൂഹ്യ പ്രവർത്തന വിഭാഗ മായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും അതോടൊപ്പം മിഷൻലീഗും കാരിത്താസ് ഇന്ത്യയും കൂടി ക്യാൻസറിനെ പ്രതിരോ ധിക്കാൻ പുതിയ ഒരു സംരംഭം ആരംഭിക്കുകയാണ് 'ആശാകിരണം' എന്ന പേരിലാണ് ഈ പദ്ധതി അറിയപ്പെടുക. ക്യാൻസർ ബോധ

വൽക്കരണ പരിപാടികൾ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുക, പ്രാരംഭത്തിൽ തന്നെ രോഗം കണ്ടെത്തി ചികിത്സ നൽകുക, ക്യാൻസർ ബാധിതർക്ക് സാമ്പത്തികവും മാനസികവുമായ പിന്തുണ നൽകാൻ കഴിവുള്ള സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി പരിശീലനം നൽകുക, ജനകീയ കൂട്ടായ്മകളിലൂടെ ക്യാൻസർ ബാധിതർക്ക് ആശ്വാസമാകുക എന്നീ പ്രവർത്തനങ്ങളാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. രണ്ടുതലത്തിലാണ് ആശാകിരണം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് 1. രോഗ പ്രതിരോധവും 2. രോഗ നിവാരണവും.

ആദ്യത്തേത് ക്യാൻസർ രോഗത്തിനെതിരേയുള്ള പ്രതിരോധമാണ്. ഇതുകൊണ്ടുദ്ദേശിക്കുന്നത് ജീവിതരീതിയിലുള്ള മാറ്റവും മാനസിക സാമൂഹിക സമീപനവുമാണ്. രോഗത്തെക്കുറിച്ചും രോഗകാരണങ്ങളെക്കുറിച്ചുമുള്ള ബോധവത്ക്കരണം നൽകുക, സെമിനാറുകൾ സംഘടിപ്പിക്കുക, വീടുകളിൽ ജൈവകൃഷിയേയും പരമ്പരാഗത കൃഷിയേയും പരമ്പരാഗത വിത്തിനങ്ങളെയും പ്രോത്സാഹിപ്പിക്കുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക എന്നിവയാണ്. രോഗിയും രോഗിയുടെ കുടുംബവും അവരുടെ കഷ്ടപാടിന്റെ അവസ്ഥയിൽ ഒറ്റപ്പെടുത്തപ്പെടാതെ അവർക്ക് പ്രതീക്ഷയും സഹായവും നൽകിക്കൊണ്ട് സമൂഹത്തിന്റെ മുൻനിരയിൽ അവരെ നിലനിർത്താനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ്.

രണ്ടാമത്തെ തലം എന്നു പറയുന്നത് വൈദ്യശാസ്ത്രപരമായ സമീപനമാണ്. രോഗിക്ക് നല്ലതും വ്യക്തവുമായ ചികിത്സാസഹായങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തണം. ക്യാൻസർ രോഗം അതിന്റെ പ്രാഥമിക ഘട്ടത്തിൽതന്നെ കണ്ടെത്താനായാൽ പൂർണ്ണമായും ചികിത്സിച്ചുഭേദമാക്കാൻ സാധിക്കുന്ന ഒരു രോഗാവസ്ഥയാണെന്ന് ആധുനികവൈദ്യശാസ്ത്രത്തിന്റെ ചികിത്സാരീതികൾ തെളിയിച്ചിട്ടുള്ള ഒട്ടനവധി ജീവിക്കുന്ന ഉദാഹരണങ്ങൾ നമുക്ക് ചുറ്റുമുണ്ട്.

ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നമ്മുടെ ഇടവകകളുടെ നിസ്വാർത്ഥമായ സഹകരണം ആവശ്യമാണ്. നമ്മുടെ ഇടവകകളിലെ കൈകാരന്മാരുടെയും കമ്മിറ്റി അംഗങ്ങളുടെയും ഭക്തസംഘടനകളുടെയും അകമഴിഞ്ഞ സഹകരണം പദ്ധതിയുടെ നടത്തിപ്പിനായി ആവശ്യമുണ്ട്. ഇടവകകളിൽ സഹോദരസ്നേഹവും പൊതു പ്രവർത്തന തല്പരതയുമുള്ള സന്നദ്ധപ്രവർത്തകർ ഇതിനായി മുന്നോട്ടുവരണം. ക്യാൻസർ രോഗബാധിതരുടെ സർവ്വേ നടത്തുക, ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക, രോഗബാധിതർക്ക് ചികിത്സയ്ക്കും പുനരധിവാസത്തിനും സഹായം നൽകുക, നിർദ്ധന

ക്യാൻസർ രോഗികൾക്ക് വീട്ടിലിരുന്ന് തന്നെ ചെയ്യാൻ കഴിയുന്ന സ്വയം തൊഴിലുകൾക്ക് പഠനസഹായം നൽകുക, നമ്മുടെ പ്രദേശങ്ങളിൽ തന്നെയുള്ള ആശുപത്രികൾ, ആതുരശുശ്രൂഷകർ തുടങ്ങിയവരുടെ സേവനങ്ങളെയും സർക്കാരിന്റെയും സർക്കാരിതര സംവിധാനങ്ങളുടെയും സഹായവും ഉറപ്പുവരുത്തുവാൻ നമുക്കാവണം. പദ്ധതികൾ ഇവരുടെ സഹായത്തോടെ നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ സഹായമനസ്കരെ കണ്ടെത്തുന്നതിന് നേതൃത്വമെടുക്കുമല്ലോ. അച്ചന്മാരുടെ നിർല്ലോഭമായ സഹകരണം അഭ്യർത്ഥിക്കുകയാണ്.

മറ്റൊരുകാര്യം ആശാകിരണം പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ട തുക കണ്ടെത്തേണ്ടതാണ്. അതിന് ഫണ്ട് രൂപീകരണം വിവിധ തലങ്ങളിൽ നടക്കേണ്ടതുണ്ട്. നമ്മുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ ഉണ്ടാകണം. ആശാകിരണം പദ്ധതിയുടെ ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും പ്രവർത്തനശൈലിയും വിശദീകരിക്കുവാനും ക്യാൻസറിനെതിരായി ബോധവൽക്കരണം നടത്തുന്നതിനും വേണ്ടി ഇടവകകൾതോറും സെമിനാറുകൾ സംഘടിപ്പിക്കാനും പദ്ധതികൾ വിഭാവനം ചെയ്തു വരുന്നു. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ടെന്ന് നാം ഉറപ്പുവരുത്തണം. ബഹു. വികാരിയച്ചന്മാർ സെമിനാറുകൾ എത്രയുംവേഗം സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുക.

നമുക്കൊന്ന് ചേർന്ന് ഈ സംരംഭത്തെ വിജയത്തിലെത്തിപ്പിക്കാം. നമ്മുടെ നാട്ടിൽ നിന്നും ക്യാൻസർ എന്ന ഈ മഹാവിപത്തിനെ ഇല്ലായ്മ ചെയ്യാനും രോഗാതുരർക്കും കുടുംബാംഗങ്ങൾക്കും ആശ്വാസമാകാനും ഈ ബൃഹത് പദ്ധതിക്ക് കഴിയട്ടെ എന്നാശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 ജൂൺ 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2017 ജൂലൈ 16-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# സർക്കുലർ

***Circular Letter No. 05/2017***
***Prot. No. 20086/2017***

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ 2017 ലെ തന്റെ മാധ്യമദിനസന്ദേശത്തിൽ ഇപ്രകാരം പറയുന്നു "ആശയവിനിമയത്തിനുള്ള മാധ്യമങ്ങളുടെ വർദ്ധിച്ച സംലഭ്യത ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് വാർത്തകൾ ക്ഷണനേരംകൊണ്ട് പങ്കുവെയ്ക്കുന്നതിനും അവയെ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും സാധ്യത നൽകുന്നു. ആ വാർത്തകൾ നല്ലതോ മോശമോ, ശരിയോ തെറ്റോ ആകാം". പരിശുദ്ധ പിതാവ് സൂചിപ്പിക്കുന്ന മാധ്യമങ്ങളുടെ വേഗത നമുക്കെല്ലാം അനുഭവമുള്ളതാണ്. പ്രത്യേകിച്ചും നവമാധ്യമങ്ങളായ വാട്സ് ആപ്, ഫെയ്സ് ബുക്ക് പോലുള്ളവയിലൂടെ പ്രചരിപ്പിക്കപ്പെടുന്ന വാർത്തകളിൽ നിന്ന് ശരിയായവരെയും നല്ലവയെയും കണ്ടെത്തുക വലിയൊരു ഭഗീരഥ പ്രയത്നം തന്നെ ആവശ്യപ്പെടുന്നു. നിക്ഷിപ്ത താൽപര്യക്കാർ തെറ്റായ വാർത്തകൾ നിരന്തരമായി പ്രചരിപ്പിക്കുകയും അതിലൂടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കുടുംബങ്ങൾക്കും മറ്റും എതിരായ മനോഭാവങ്ങൾ സമൂഹത്തിൽ വ്യാപകമായി വളരുന്നതിനും ഇടയാകുന്നുണ്ട്. നിരപരാധികളായ ഒരുപാട് മനുഷ്യർ അതിലൂടെ വേദന അനുഭവിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് നമ്മുടെ സമുദായ ദിനപത്രമായ ദീപികയുടെ പ്രാധാന്യം. സമൂഹമാധ്യമങ്ങളുടെ പ്രചാരം വർദ്ധിച്ചിട്ടുണ്ടെങ്കിലും വിശ്വാസ്യതയുടെ കാര്യത്തിൽ ഇന്നും ദിനപത്രങ്ങൾ വലിയൊരു പങ്കുവഹിക്കുന്നുണ്ട്. കാരണം പത്രത്തിലൂടെ വരുന്ന കാര്യങ്ങൾക്ക് പത്രഉടമകളും ലേഖകരുമെല്ലാം ഉത്തരവാദികളാകും എന്നതുകൊണ്ട് കുറേയെങ്കിലും ശ്രദ്ധ വാർത്തകൾ ശരിയായ രീതിയിൽ അവതരിപ്പിക്കാൻ അവരെ നിർബന്ധിതരാക്കും. പക്ഷേ ഇവിടെയും നിക്ഷിപ്ത താത്പര്യങ്ങൾ കടന്നുവരുമ്പോൾ സത്യം തിരിച്ചറിയാൻ നമുക്ക് കഴിഞ്ഞെന്ന് വരില്ല. പ്രത്യേകിച്ചും നമ്മുടെ സമുദായത്തെക്കുറിച്ചും സമുദായ നേതാക്കളെക്കുറിച്ചും, സഭയേക്കുറിച്ചും സഭാനേതാക്കളെക്കുറിച്ചുമുള്ള സത്യാവസ്ഥ നമ്മളെങ്കിലും പൊതുജനമദ്ധ്യത്തിൽ അവതരിപ്പിക്കേണ്ടി വരുമല്ലോ.

ദീപികയുടെ ഒരു പ്രധാന ദൗത്യമിതാണ്. അതോടൊപ്പം ലോകത്തിൽ സംഭവിക്കുന്ന മറ്റുകാര്യങ്ങളെകുറിച്ചുള്ള വാർത്തകളും സത്യസന്ധമായി ദീപിക അവതരിപ്പിക്കുന്നു.

സമുദായ അംഗങ്ങളായ നിങ്ങളെ ഓരോരുത്തരെയും നമ്മുടെ ഈ പത്രത്തിന്റെ വരിക്കാരാകുവാൻ ഞാൻ ഹൃദയപൂർവ്വം ക്ഷണിക്കുകയാണ്. നമ്മുടെ പത്രം നമ്മൾ വാങ്ങിക്കുന്നത് അതിന്റെ കടലാസിന്റെ ഗുണമേന്മനോക്കിയോ വാർത്തകളുടെ ബാഹുല്യം നോക്കിയോ ആയിരിക്കരുത്. പ്രത്യുത അത് നമ്മുടെ ഒരു സമുദായ വികാരമായി മാറണം. സാമ്പത്തികമായി മറ്റു വലിയപത്രങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മൾ വളരെ പിന്നിലാണ്. ആ പിന്നോക്കാവസ്ഥയെ മാറ്റിയെടുക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. കാരണം എത്രപരിമിതമാണെങ്കിലും നമ്മുടെ കാര്യങ്ങൾ പറയാൻ നമ്മുടേതായ വേദികൾ ഇല്ലാതാകുമ്പോൾ അതിന്റെ ദുഷ്ഫലം നമ്മൾ അനുഭവിക്കേണ്ടിവരും. എന്തു ത്യാഗം സഹിച്ചും നാം അത് ഒഴിവാക്കണം. സാമ്പത്തിക ക്ലേശങ്ങൾ നിങ്ങളെ അലട്ടുന്നുണ്ടെന്ന് എനിക്കറിയാം. എങ്കിലും മാരകമായ രോഗത്തിന് കടം വാങ്ങിയും ചികിത്സ നടത്തുന്ന മനോഭാവത്തോടെ ഇക്കാര്യത്തിലും നമ്മൾ പ്രവർത്തിക്കുവാൻ തയ്യാറാകേണ്ടതാണ്. ഈ വരുന്ന ഒക്ടോബർ 30 ന് അകം നമ്മുടെ പരമാവധി വീടുകളിൽ ദീപിക ഉണ്ടെന്ന് ഉറപ്പുവരുത്താൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

ഇപ്പറഞ്ഞതിന് അർത്ഥം മറ്റു പത്രങ്ങളെയോ മാധ്യമങ്ങളെയോ നമ്മൾ ഒഴിക്കാണം എന്നല്ല പ്രത്യുത കഴിയുന്നവരെല്ലാം അവയോടൊപ്പം തന്നെ ദീപികയും വാങ്ങണമെന്നുള്ളതാണ്. ഇക്കാര്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ പ്രശ്നമായേക്കാം അതുകൊണ്ട് തീരുമാനം നിങ്ങൾ തന്നെ ആലോചിച്ച് എടുക്കേണ്ടതാണ്.

പത്രത്തിന്റെ വരിക്കാരാകാൻ ധാരാളം പേർ മുന്നോട്ട് വന്നാലും അത് ക്രമമായും കൃത്യമായും ലഭ്യമാകുന്നുണ്ടെന്ന് ആരെങ്കിലും ഉറപ്പ് വരുത്തേണ്ടത് ആവശ്യമാണ്. അതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഏതാനും നാളുകളായി രൂപപ്പെട്ടുകൊണ്ടിരിക്കുന്ന ദീപിക ഫ്രണ്ട്സ് ക്ലബ് അഥവാ DFC. ഇത് ഒരു സംഘടന അല്ല. അത് ദീപിക പത്രത്തിന്റെ പ്രചരണത്തിനും വികാസത്തിനുമായിട്ടുള്ള ഒരു സംരഭവും സംവിധാനവുമാണ്. അതുകൊണ്ടുതന്നെ സാമ്പത്തികമായി ബാധ്യതകളുള്ള പദ്ധതികളിലേയ്ക്കും പരിപാടികളിലേക്കും അവർ കടക്കേണ്ടതില്ല. DFC യിൽ ഉള്ളവരുടെ പ്രധാന ദൗത്യം എല്ലാ ദിവസവും കൃത്യമായി പത്രം വരിക്കാരുടെ കയ്യിൽ വരുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നുള്ളതാണ്. ഓരോ സ്ഥലത്തും ഉള്ള DFC ഭാരവാഹികൾ ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ ഒരു സമീപനം വെച്ചുപുലർത്തിയാൽ മാത്രമേ ഇതു സാധ്യമാവുകയുള്ളു. വരിക്കാർക്ക് അവരുടെ ബുദ്ധിമുട്ടുകൾ അറി

യിക്കാൻ ഈ ഭാരവാഹികളുടെ ഫോൺ നമ്പറുകളും മേൽവിലാസവും മറ്റും ലഭ്യമാക്കേണ്ടത് ആവശ്യമാണ്. വരിക്കാരുടെ പരാതികൾ യഥാസമയം പത്രത്തിന്റെ ബന്ധപ്പെട്ട ഓഫീസിൽ അറിയിച്ച് പരിഹാരം കണ്ടെത്തി പരാതിക്കാരെ അറിയിക്കാനുള്ള ചുമതലയും DFC ഭാരവാഹികളുടേത് തന്നെ. അതോടൊപ്പം കൂടുതൽ കൂടുതൽ കൈകളിലേയ്ക്ക് ദീപിക എത്തിക്കാനുള്ള പരിശ്രമവും അവർ നടത്തണം. ക്രമമായ മീറ്റിംഗുകളും അവലോകനങ്ങളും ഇതിന് ആവശ്യമാണ്.

DFC യുടെ പ്രവർത്തനത്തിന് വൈദികരുടെ സഹായം ഉണ്ടാകുമെങ്കിലും ഇത് അത്മായരുടെ തന്നെ ഒരു ഉത്തരവാദിത്വമാണ്. അതുകൊണ്ടുതന്നെ നേതൃത്വം തരാൻ വൈദികരില്ലാ എന്നതിന്റെ പേരിൽ ഇക്കാര്യത്തിൽ അലംഭാവം വരുത്തുന്നതിന് ന്യായീകരണമില്ല. അതോടൊപ്പം DFC ക്ക് ആവശ്യമായ എല്ലാ സഹായസഹകരണവും നൽകാൻ ബഹുമാനപ്പെട്ട വൈദികരേയും സന്യസ്തരേയും ഞാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ഇത്തരണുത്തിൽ രൂപതയിൽ ദീപികയുടെ കോർഡിനേറ്ററായി സ്തുത്യർഹമായ സേവനം നടത്തുന്ന ബഹു. സുനിൽ വട്ടുകുന്നേൽ അച്ചനെ നന്ദിപൂർവ്വം ഓർക്കുകയും അദ്ദേഹത്തോടൊത്ത് പ്രവർത്തിക്കാനായി ഏവരെയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. നമ്മുടെ രൂപതയിൽ ഡി.എഫ്.സി.യിൽ ഉള്ളവർ അവരുടെ ദൗത്യനിർവ്വഹണത്തിൽ വളരെ ശ്രദ്ധാലുക്കളാണ് എന്നുള്ളത് എടുത്ത് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആ തീക്ഷ്ണതയിൽ ഇനിയും മുന്നോട്ട് പോവുകയും തളർച്ച അനുഭവപ്പെടാതിരിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഏവർക്കും ദൈവാനുഗ്രഹവും വിജയവും നേരുന്നു. DFC പ്രവർത്തകർക്കും മുൻകൂട്ടി നന്ദി പറയുന്നു. ദൈവം നിങ്ങളെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 ജൂലൈ 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2017 ഓഗസ്റ്റ് 27-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ



***Circular Letter No. 06/2017***
***Prot. No. 20320/2017***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,
പ്രിയ യുവജനങ്ങളേ,

2018 ഒക്ടോബർ മാസത്തിൽ റോമിൽവെച്ച് നടക്കുന്ന ആഗോള കത്തോലിയ്ക്കാസഭയിലെ മെത്രാൻ സിനഡിന്റെ ചർച്ചാവിഷയം യുവജനങ്ങളാണ്. കത്തോലിക്കാസഭയുടെ വലിയൊരുഭാഗം യുവജനങ്ങളാണെന്നും അവരുടെ വിശ്വാസജീവിതം സഭയുടെ നിലനിൽപ്പിലും വളർച്ചയിലും ദൗത്യനിർവ്വഹണത്തിലും വഹിക്കുന്ന പങ്ക് വളരെ വലുതാണെന്നുമുള്ള ബോധ്യമാണ് ഇപ്രകാരമൊരു വിഷയം തിരഞ്ഞെടുക്കുവാൻ പരി.പിതാവ് ഫ്രാൻസീസ് പാപ്പായെ പ്രേരിപ്പിച്ചത്. ഈ സിനഡിന്റെ പശ്ചാത്തലത്തിൽ നമ്മുടെ രൂപതയിൽ 2017 ഡിസംബർ 8 മുതൽ 2018 ഡിസംബർ 8 വരെ യുവജനവർഷമായി ആചരിക്കണമെന്നുള്ള രൂപതാ വൈദിക സമൂഹത്തിന്റേയും സന്യസ്ത സമൂഹത്തിന്റേയും പാസ്റ്ററൽ കൗൺസിലിന്റേയും അഭിപ്രായം കണക്കിലെടുത്ത് അപ്രകാരം പ്രഖ്യാപിക്കുകയാണ്. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും യുവജനവർഷത്തിന്റെ ആചരണം വിപുലമായി നടത്തേണ്ടതാണ്. ഡിസംബർ 8 പരി.അമ്മയുടെ തിരുനാൾ ദിനത്തിലാണ് നാമിതു തുടങ്ങുന്നതെങ്കിലും ഔദ്യോഗികമായി തുടർന്നുവരുന്ന ഞായറാഴ്ച വി.കുർബാനമദ്ധ്യേ പ്രത്യേകമായി സജ്ജമാക്കിയ തിരിതെളിച്ചുകൊണ്ടു ആരംഭിച്ചാൽ മതിയാകുന്നതാണ്. തദവസരത്തിൽ ഇടവകയിലെ യുവജനങ്ങളുടെ സാന്നിധ്യം പ്രത്യേകമായി ഉണ്ടാകുവാൻ ബഹു. വികാരിയച്ചന്മാരും അസ്തേന്തി അച്ചന്മാരും ശ്രദ്ധിക്കുമല്ലോ.

മുൻകാലങ്ങളെ അപേക്ഷിച്ച് യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ ഇന്ന് വളരെ കൂടുതലാണ്. അതുപോലെതന്നെ അവയുടെ രൂക്ഷതയും വൈവിധ്യവും വളരെ ഏറിയിട്ടുണ്ട്. സംസ്കാരങ്ങളുടെ വേഗത്തിലുള്ള മാറ്റവും ദൈവത്തെപ്പറ്റിയും ക്രൈസ്തവ ധാർമ്മികത

യെപ്പറ്റിയുമുള്ള അബദ്ധധാരണകളും, വിശുദ്ധിയെക്കുറിച്ചും ക്രൈസ്തവ ജീവിതത്തെക്കുറിച്ചുമുള്ള വികല സങ്കൽപ്പങ്ങളും അവയിൽ ചിലതു മാത്രം. പലവിധകാരണങ്ങളാൽ ആഗ്രഹിക്കുന്ന ജീവിതാന്തസിലേയ്ക്ക് പ്രത്യേകിച്ച് വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുവാൻ കഴിയാത്ത യുവജനങ്ങളും അവരുടെ ജീവിത പ്രശ്നങ്ങളും ഗൗരവമായ വിചിന്തനത്തിന് നമ്മെ ക്ഷണിക്കുന്നു. തൊഴിലിനെക്കുറിച്ചുള്ള വികല സങ്കൽപ്പങ്ങളും പെട്ടെന്ന് ധനികനാകാനുള്ള ശ്രമങ്ങളും അവരെക്കൊണ്ടെത്തിക്കുന്ന പ്രതിസന്ധികൾ ചെറുതല്ല.

എവിടേയും എന്നതുപോലെ നമ്മുടെ രൂപതയിലേയും ബഹുഭൂരിപക്ഷം യുവജനങ്ങളും പന്ത്രണ്ടാം ക്ലാസിനുശേഷം പഠനത്തിനും ജോലിക്കുമായി നാട്ടിൽ നിന്നും വീട്ടിൽ നിന്നും അകലങ്ങളിലേയ്ക്ക് പോകുന്നവരാണ്. ഈ അകൽച്ച സഭയിൽ നിന്നും ദൈവത്തിൽ നിന്നുമുള്ള അകൽച്ചയായി രൂപാന്തരപ്പെടാറുണ്ട്. ഇപ്രകാരം ദൂരെയായിരിക്കുന്നവരെ അടുത്തേയ്ക്ക് കൊണ്ടുവരാനും അടുത്തായിരിക്കുന്നവരെ വിശ്വാസജീവിതത്തിൽ കൂടുതൽ ഊർജ്ജസ്വലരാക്കാനുമുള്ള അവസരമാണ് യുവജനവർഷം. ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും ഒറ്റയ്ക്കും കൂട്ടായും കണ്ടുമുട്ടാനും അവരോടൊപ്പം സഞ്ചരിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കാനും ഈ അവസരം വിനിയോഗിക്കാം. ബഹു.വൈദികരും സന്യസ്തരും മാതാപിതാക്കളും സംഘടനാ നേതൃത്വത്തിലുള്ളവരും മതാദ്ധ്യാപകരും എല്ലാം ഇത്തരത്തിൽ സജീവഭാഗഭാഗിത്വം വഹിക്കേണ്ടതാണ്.

സുവിശേഷത്തിന്റെ ആനന്ദത്തിലേയ്ക്ക് യുവജനങ്ങളെ ക്ഷണിക്കുമ്പോൾ കർക്കശമായ പതിവുശൈലികൾ മാറ്റേണ്ടിവന്നേയ്ക്കാം. കാലത്തിന്റെ അടയാളങ്ങൾ വായിച്ചെടുക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. വളരെ പ്രത്യേകിച്ച് പലതരത്തിൽ തകർന്നിരിക്കുന്നവരും പലവിധത്തിലുള്ള അടിമത്വങ്ങൾക്ക് അടിപ്പെട്ടവരുമായ യുവജനങ്ങളോടൊപ്പം ആയിരിക്കാൻ കഴിയുക എന്നത് പരിശുദ്ധാത്മാവിന്റെ ഒരു സവിശേഷദാനമാണ്.

യുവജനവർഷം പ്രത്യേകമായ ഒരു മനോഭാവം എല്ലാവരിലും നിന്ന് ആവശ്യപ്പെടുന്നു. യുവജനങ്ങൾ സമൂഹത്തിന്റേയും സഭയുടേയും ഭവനങ്ങളുടേയും ഊർജ്ജവും ഭാവിയുമാണ് എന്നുള്ള തിരിച്ചറിവ് ഈ മനോഭാവമാറ്റത്തിൽ നാം ഉൾച്ചേർക്കണം. ആത്മാക്കളുടെ അജപാല

കൻ എന്ന നിലയിൽ വൈദികർ, സന്യസ്തർ തുടങ്ങിയവർ കാരുണ്യ ത്തോടെയും ക്ഷമയോടെയും യുവജന ശുശ്രൂഷയിൽ ഏർപ്പെടേണ്ട തുണ്ട്. അവരുടെ പ്രയത്നങ്ങൾക്ക് താങ്ങായി നിൽക്കേണ്ടത് മാതാപി താക്കൾ തന്നെയാണ്. തങ്ങളുടെ ഉത്തരവാദിത്വം മറ്റാരേയും ഏൽപ്പിച്ചു കൊടുക്കാൻ അവർ ശ്രമിക്കാതിരിക്കണം.

'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്' എന്ന വി.മത്തായിയുടെ സുവിശേഷത്തിലെ അഞ്ചാം അദ്ധ്യായത്തിലെ 15-ാം വചനഭാഗമാണ് ഈ വർഷത്തിലെ വിചിന്തന വിഷയം. 'യുവജനങ്ങൾ സമൂഹത്തി ന്റേയും സഭയുടേയും വിളക്കും വെളിച്ചവും' എന്നാണ് യുവജനവർഷ ത്തിന്റെ സന്ദേശം. തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ഈ വചനവും ആശയങ്ങളും ഉൾക്കൊള്ളുന്ന ബാനറുകൾ ദേവാലയത്തിൽ പ്രദർശി പ്പിക്കുന്നത് ഉചിതമായിരിക്കും. രൂപതാകേന്ദ്രത്തിൽ നിന്ന് യുവജനവർഷ ത്തോടനുബന്ധിച്ച് തയ്യാറാക്കിതരുന്ന പ്രാർത്ഥന വി.കുർബാനയ്ക്കു ശേഷം ദേവാലയങ്ങളിലും കുടുംബപ്രാർത്ഥനയ്ക്കുശേഷം ഭവനങ്ങ ളിലും സന്യാസ ഭവനങ്ങളിലും ചൊല്ലേണ്ടതാണ്. യുവജനവർഷത്തിൽ നടത്തപ്പെടേണ്ട കാര്യങ്ങളുടെ വിശദവിവരങ്ങൾ രൂപതാകേന്ദ്രത്തിൽ നിന്നു നൽകുന്നതാണ്. ഇടവകയിൽ യുവജനങ്ങളുടെ പ്രത്യേകിച്ച് കെ. സി.വൈ.എം. പ്രതിനിധികളുടെയും മറ്റുള്ളവരുടേയും പ്രാതിനിത്യം ഉറ പ്പാക്കികൊണ്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് അതിന്റെ നേതൃത്വത്തി ലാണ് പരിപാടികൾ ഏകോപിപ്പിക്കേണ്ടത്. യുവജനവർഷത്തിന്റെ പ്രവർത്തനങ്ങൾക്കായി ഒരു തുക പ്രത്യേകമായി ഇടവകയുടെ ഫണ്ടിൽ നിന്ന് മാറ്റി വെയ്ക്കേണ്ടതാണ്. അതുപോലെ യുവജനസംഘടനയായ കെ.സി.വൈ.എമ്മിന്റെ യൂണിറ്റുകൾ എല്ലാ ഇടവകയിലും ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. യുവജനങ്ങളെ സംബന്ധിച്ച നടത്താനായി രൂപതാ കേന്ദ്രത്തിൽ നിന്ന് തരുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ഒരു സർവ്വേ നട ത്തുകയും യുവജനങ്ങളെ മുഴുവൻ സംഘടിപ്പിച്ചുകൊണ്ടുള്ള ഒരു കൺവെൻഷൻ എല്ലാ ഇടവകയിലും നടത്തപ്പെടുകയും ചെയ്യണം. ഈവിധത്തിലുള്ള ഒരു കൺവെൻഷൻ 2018 ഒക്ടോബർ മാസം 18-21 തീയതികളിലായി രൂപതാ തലത്തിലും വിഭാവനം ചെയ്യുന്നുണ്ട്. യുവജന വർഷത്തിന്റെ വിജയത്തിനായി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കുകയും സുവിശേഷത്തിന്റെ സന്തോഷത്തിലേയ്ക്ക് എല്ലാ

യുവജനങ്ങളും വരുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യാം. നമ്മുടെ അമ്മയായ പരി. കന്യകാമാതാവിനും യുവജനവർഷത്തിന്റെ പ്രത്യേക മധ്യസ്ഥനായ വി.ജോൺപോൾ പാപ്പായ്ക്കും എല്ലാ യുവജനങ്ങളേയും നിങ്ങളെ ഓരോരുത്തരേയും ഭരമേൽപ്പിച്ചിരിക്കുന്നു.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 നവംബർ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2017 ഡിസംബർ മാസം 10-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ



***Circular Letter No. 07/2017***
***Prot. No. 20321/2017***

കർത്താവിൽ സ്നേഹിക്കപ്പെട്ടവരേ,

ക്രൈസ്തവ സഭാ ജീവിതത്തിൽ ഏറ്റവും പ്രാധാന്യം കൊടുത്ത് ചെയ്തുപോരുന്ന ഒന്നാണല്ലോ കുടുംബപ്രേഷിതത്വം, അതിന്റെ കാരണം മറ്റൊന്നുമല്ല, കുടുംബമാണ് സഭയുടെയും സമൂഹത്തിന്റെയുമെല്ലാം അടിസ്ഥാന ശില. കുടുംബങ്ങൾ ശിഥിലമായാൽ സഭയും സമൂഹവും ശിഥിലമാകുമെന്നത് നിസംശയമാണ്. പാശ്ചാത്യനാടുകളിൽ ഇത് നാം ഏറെ കാലമായി കാണുന്നതാണ്. ആ സംസ്കാരത്തിന്റെ സ്വാധീനം നമ്മുടെ സമൂഹത്തിലും വേരൂന്നിക്കഴിഞ്ഞിരിക്കുന്നുവെന്ന് നാം തിരിച്ചറിയുന്നു. അവയുടെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ മനസിലാക്കി നാം അടിയന്തിര ശ്രദ്ധ ചെലുത്തി കുടുംബങ്ങൾക്ക് അജപാലന പദ്ധതികളിൽ പ്രാമുഖ്യം കൊടുക്കേണ്ടതാണ്. മാറിവരുന്ന സാഹചര്യങ്ങളിൽ അജപാലന ശൈലികളിലും മാറ്റം വരുത്താൻ തയ്യാറാകേണ്ടതുണ്ട്. അല്ലാതെ വന്നാൽ അവ സ്വീകരിക്കപ്പെടണമെന്നില്ല, ഫലവത്താവുകയുമില്ല.

കുടുംബത്തിന്റെ ഭദ്രതയും കത്തോലിക്കാ ധാർമ്മികതയും പുതുതായി രൂപം കൊള്ളുന്ന കുടുംബങ്ങളിലും വേരുപിടിക്കണം എന്ന ചിന്തയിലാണല്ലോ നമ്മുടെ സഭയിൽ വിവാഹത്തിനൊരുക്കമായിട്ടുള്ള കോഴ്സുകൾ നിർബന്ധമാക്കിയിരിക്കുന്നത്. ഇക്കാര്യത്തിൽ നമ്മുടെ രൂപതയിലും സ്തുത്യർഹമായ രീതിയിൽ അത് നടക്കുന്നുണ്ട്. ഇക്കാര്യത്തിലുള്ള നിർബന്ധബുദ്ധി ചിലർക്കെങ്കിലും അരോചകമായും അടിച്ചേൽപ്പിക്കലായും തോന്നാവുന്നതാണ് എന്നതും വസ്തുതയാണ്. പക്ഷേ സഭാസംവിധാനങ്ങൾ കേവലം സർക്കാർ രജിസ്ട്രാഫീസുകൾ പോലെ പ്രവർത്തിച്ചാൽ എന്താണോ സഭയിലൂടെ ലക്ഷ്യമാക്കുന്നത് അത് സാധിതമാവുകയില്ലല്ലോ. വിവാഹിതരാകാൻ പോകുന്ന യുവതിയുവാക്കളും മാതാപിതാക്കളും മറ്റും ഇക്കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. എത്ര സമയമില്ലെങ്കിലും വിവാഹത്തിനൊരുക്ക

മായുള്ള കോഴ്സുകൾ നിർബന്ധമായും കൂടിയിരിയ്ക്കും എന്ന് തീരുമാനിക്കേണ്ടതുണ്ട്. വിവാഹത്തിനൊരുക്കമായിട്ടുള്ള കോഴ്സുകൾ നടത്തുന്നത് രൂപതയുടെ കുടുംബപ്രേഷിത വിഭാഗത്തിന്റെ നേതൃത്വത്തിലാണ്. വൈദികരും സന്യസ്തസഹോദരീസഹോദരന്മാരും അത്മായ വിദഗ്ദരുമെല്ലാം ഇതിൽ സഹകരിക്കുന്നുണ്ട്. എല്ലാവരേയും നന്ദിപൂർവ്വം ഇവിടെ സ്മരിക്കുന്നു.

ഇത്രയുംകാലം ഈ കോഴ്സുകളിൽ പങ്കെടുത്തിരുന്നത് വിവാഹിതരാകാൻ പോകുന്ന യുവതീയുവാക്കൾ മാത്രമായിരുന്നു. എന്നാൽ അതുകൊണ്ടുമാത്രം അവരുടെ വിവാഹജീവിതം ശുഭമാകണമെന്നില്ല എന്ന തിരിച്ചറിവും ഇത്രയുംകാലത്തെ അനുഭവത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. മാതാപിതാക്കളും തങ്ങളുടെ മക്കൾ പങ്കെടുക്കുന്ന കോഴ്സുകളിൽ കുറച്ചുസമയത്തേക്കെങ്കിലും പങ്കെടുക്കണമെന്ന ആശയം പല വേദികളിൽ നിന്നും ഈയിടയായി ഉയർന്നുവരാൻ കാരണം ഈ തിരിച്ചറിവുതന്നെയാണ്. മക്കളുടെ ഭാവി ദാമ്പത്യജീവിതം ഭംഗിയാക്കുന്നതിൽ മാതാപിതാക്കൾക്കും വലിയ പങ്കുണ്ടല്ലോ. "ജന്മം നൽകുകയും പാലിക്കുകയും ചെയ്യുക മാത്രമല്ല മക്കളെ സുവിശേഷവത്ക്കരിക്കുക എന്നതും മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. മക്കൾക്ക് പ്രായപൂർത്തിയാകുമ്പോൾ തങ്ങൾക്ക് ഇഷ്ടപ്പെട്ട ജോലിയും ജീവിതാവസ്ഥയും തിരഞ്ഞെടുക്കാൻ അവർക്ക് അവകാശമുണ്ട്. അവർ ഈ പുതിയ ഉത്തരവാദിത്വങ്ങൾ മാതാപിതാക്കളോടുള്ള വിശ്വാസപൂർവ്വകമായ ബന്ധത്തിൽ അവരുടെ ഉപദേശവും ആലോചനയും സന്മനസോടെ ചോദിച്ചും സ്വീകരിച്ചും ഏറ്റെടുക്കണം" എന്നതാണ് കത്തോലിയ്ക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC 2230) ഓർമ്മപ്പെടുത്തുന്നത്. അതുപോലെതന്നെ നമ്പർ 2218 ൽ ഇപ്രകാരം പറയുന്നു: ഇതിന് ഇരുകൂട്ടരും ഒരുമിച്ചുള്ള ചർച്ചകളും പഠനങ്ങളും സഹായിക്കും. വിവാഹിതരായ മക്കൾക്ക് നൽകുന്ന സ്ഥാനം, സ്വാതന്ത്ര്യം, അവകാശങ്ങൾ മുതലായവ യഥാവിധി കൃത്യസമയത്ത് നൽകാൻ മാതാപിതാക്കൾ തയ്യാറാകണം. പ്രായപൂർത്തിയായ മക്കൾ മാതാപിതാക്കളുടെ ഉപദേശം സ്വീകരിക്കുകയും വാർദ്ധക്യത്തിലും രോഗാവസ്ഥയിലും ഏകാന്തതകളിലും അസ്വസ്ഥതകളിലും അവർക്ക് തങ്ങളാൽ കഴിയുംവിധം ഭൗതികവും ധാർമ്മികവുമായ സഹായം നൽകുകയും വേണം.

മേൽപ്പറഞ്ഞവയുടെ വെളിച്ചത്തിൽ മക്കൾ പങ്കെടുക്കുന്ന വിവാഹഒരുക്ക കോഴ്സുകളിൽ ഏതാനും മണിക്കൂറുകൾ അവരുടെ മാതാപിതാക്കളും പങ്കെടുത്ത് ഒരുങ്ങണമെന്ന് നമ്മുടെ സഭയിൽ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള പരിശീലന പദ്ധതികളും തയ്യാറായിക്കഴിഞ്ഞു.

ഈ പദ്ധതി നമ്മുടെ രൂപതയിലും 2018 ജനുവരി മുതൽ നടത്തപ്പെടുന്ന കോഴ്സുകളോടൊപ്പം ആരംഭിക്കുകയാണ്. തങ്ങളുടെ മക്കൾ പങ്കെടുക്കുന്ന വിവാഹ ഒരുക്ക കോഴ്സിന്റെ അവസാന ദിവസം അവരുടെ മാതാക്കളും പിതാക്കളും കോഴ്സ് നടക്കുന്ന സ്ഥലത്തെത്തുകയും അവർക്കായുള്ള ക്ലാസ്സിൽ പങ്കെടുക്കുകയും ചെയ്യണം. അതോടുകൂടിയെ മക്കളുടെ ഒരുക്കകോഴ്സ് പൂർത്തിയാവുകയും വിവാഹത്തിനാവശ്യമായ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുകയുള്ളു എന്ന് ഓർമ്മപ്പെടുത്തട്ടെ.

എല്ലാവർക്കും ഒരുപോലെ മേൽപ്പറഞ്ഞ കാര്യം എളുപ്പമാകണമെന്നില്ല എങ്കിലും മക്കളുടെ നന്മയെ പ്രതി ഈ സഹനം ഏറ്റെടുക്കാൻ തയ്യാറാകണം എന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. തങ്ങളുടെ മക്കളെ കുടുംബ ജീവിതത്തിനൊരുക്കി അവരോടൊപ്പം ഒരുങ്ങി പ്രാർത്ഥിച്ച് ദൈവകൃപനേടി അനുഗ്രഹീതരാകാനും ലഭിക്കുന്ന അസുലഭ അവസരമായി ഏവർക്കും ഇതിനെ കാണാൻ കഴിയട്ടെ എന്ന് ഞാനാശംസിക്കുന്നു. എല്ലാ മാതാപിതാക്കളുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 നവംബർ മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2017 ഡിസംബർ മാസം 17-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**